# കൈരളീസുമം

ജോസഫ് കണ്ണേരിൽ



# കൈരളീസുമം

P. C. Erkadu
Puthuppally P. O.
Kottayam.

(Malayalam)

Kairaleesumam

Poems

By JOSEPH KANNERIL

K. O. C. Ltd., Kuwait

First Published December 1967

Copies 1000

Printed at

INDIA PRESS, KOTTAYAM

Price Rs. 1.50

Rights Reserved

Published by the Author

Distributors:

NATIONAL BOOK STALL

Kottayam Kerala State India

# കൈരളീസുമം

(കവിതകൾ)

ജോസഫ് കണ്ണേരിൽ

162310

P. C. Ericadu
Puthuppally P. O.
Kottayam

വിതരണം
നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം

വില ക. 1.50

(M

848 D41/67-68 1-1000 SR141

# അവതംസം

മനുഷ്യഹൃദയത്തിൻെറ
മധുവോലുന്ന ഭാവന
ഉലകം കോൾമയിർക്കൊള്ളി-
ച്ചുദ്ഗമിക്കുന്ന വാസന

ചിരിതൻ വെട്ടവും, കണ്ണു-
നീരിൻ തൂമഞ്ഞുതുള്ളിയും,
ദർശനത്തിൻെറ വിരിവും,
പൂണ്ടോരോ ദളമായ് സ്വയം

ഇണങ്ങിത്തിങ്ങി വടിവി-
ലൊളിവീശുന്ന കല്പന,
കവിതാദേവി, നീ ചാർത്തു
കാതിലീ'ക്കൈരളീസുമം'

അനുഗ്രഹിക്കു കവിയെ,-
ബ്ഭക്തിപൂർണ്ണഹൃദന്തനെ.
മുകർന്നാൽ മുകരും, വീണ്ടും
മുകരും കൈരളീസുമം.

21-6-'66

—മഹാകവി ജി.

# അവതാരിക

ഒരു പുതിയ കൃതിയേയും ഒരു പുതിയ ത്യകാരനേയും ആദ്യമായി അവതരിപ്പിക്കുക ന്നുള്ളതു് ആക്കും ആഹ്ലാദപ്രദമായ ഒരു കൃത്യമാ ല്ലോ. 'കൈരളീസുമ'വുമായി കേരളീയരെ സമീപിക്കുന്ന ശ്രീ ജോസഫ് കണ്ണേരിൽ മലയാള സാഹിത്യലോകത്തിനു സുപരിചിതനല്ല.

മാമരങ്ങളും മുൾപ്പടപ്പും നീരന്ധ്രമായി വളരുന്ന വനാന്തരത്തിൽ ഞെങ്ങിയും ഞെരുങ്ങിയും പ്രത്യക്ഷപ്പെടുന്ന ചില പൂച്ചെടികളേപ്പോലെയാണു് മലയാളസാഹിത്യത്തിൽ ഇന്നു കാവ്യങ്ങൾ ആവിർഭവിക്കുന്നതു്. അങ്ങനെ പ്രത്യക്ഷപ്പെടുന്ന കാവ്യങ്ങളേക്കുറിച്ചോ അവയുടെ കർത്താക്കന്മാരേക്കുറിച്ചോ ആരെങ്കിലും ശ്രദ്ധിക്കുന്നുണ്ടോ എന്നു നിശ്ചയമില്ല. അപൂർവ്വം ചില കൃതികൾ പ്രതികൂലമായ സാഹചര്യങ്ങളെ തരണംചെയ്തു ജീവിച്ചെന്നു വരും. അവയ്ക്കല്ലാതെ മറ്റു കവിതകൾക്കു വളരാൻ സാദ്ധ്യമല്ലാത്ത ഒരു പരിതഃസ്ഥിതി ഇന്നു മലയാളസാഹിത്യത്തിൽ നിലവിലുണ്ടു്. അതുകൊണ്ടു കവിതാവാസനയുള്ളവക്കു പ്രോത്സാഹനമോ അവരുടെ കൃതികൾക്കു പ്രചരണമോ ലഭിക്കുന്നില്ല. വില കുറഞ്ഞ സാധനങ്ങൾ സഞ്ചാരവീഥികളിലെ ശൃംഗാടകങ്ങളിൽ നിരത്തിവച്ചു പ്രസംഗം നടത്തി വഴിയാത്രക്കാരെ ആകഷിച്ചു വില കൂട്ടി വില്ക്കുകയോ, വില കൂടിയ സാധനങ്ങൾ തുറന്ന കടകളിൽ പ്രദർശിപ്പിച്ചു വില കുറച്ചു കൊടു

...ചെയ്യുന്ന ഒരു സമ്പ്രദായമാണ് ഇന്നു ...ഷയിലെ ഗ്രന്ഥങ്ങളെ സംബന്ധിച്ചേട ...നടക്കുന്നതു്. ഇതിനു രണ്ടിനും പ്രാപ്തി ...ത്തവരുടെ സാധനങ്ങൾ ഇരുന്നു തുരുമ്പുപി ...ക്കുകയേ ഉള്ളൂ.

കവിതയ്ക്കുവേണ്ടി കവിത എന്നുള്ള ചിന്താഗതിയിൽ വിശ്വസിക്കുന്നവർക്കേ ഇന്നു കാവ്യരചന സരസമായിത്തോന്നുകയുള്ളൂ. ആക്കൂട്ടത്തിൽപ്പെട്ട ഒരു സഹൃദയനാണ് കൈരളീസുമത്തിന്റെ കർത്താവായ ശ്രീ ജോസഫ് കണ്ണേരിൽ. ഈ കവിതാസമാഹാരത്തിന്നിടയിൽക്കൂടി സഞ്ചരിച്ചപ്പോൾ കാണാൻ കഴിഞ്ഞതു് ശ്രീ ജോസഫിൻെറ അപ്രതിരോധ്യമായ കാവ്യരചനാകൗതുകമാണ്. മധുരങ്ങളും സുരഭിലങ്ങളുമായ നിരവധി ആശയങ്ങൾ ഈ കൃതിയിലെ ഖണ്ഡകവിതകളിൽ അടങ്ങിയിട്ടുണ്ടു്. ദീർഘകാലം കവിത എഴുതി തഴക്കം സിദ്ധിച്ചിട്ടില്ലാത്ത ഒരു തൂലികയായതുകൊണ്ടു് ആശയത്തിനനുരൂപമായ രൂപഭദ്രത ചിലടത്തൊക്കെ കണ്ടില്ലെന്നു വരുമെങ്കിലും,

"അളികൾ മൂളുന്ന
രാഗസംഗീതവും
കിളികൾ കൂട്ടുന്ന
കോലാഹലങ്ങളും
ഇളയ തെന്നൽ
പരത്തും സുഗന്ധവും
തളിരുതിർത്തിടും
മർമ്മരനാദവും" (കൊച്ചുമോൻ)

എന്നീ വരികൾ സുന്ദരങ്ങളായിട്ടുണ്ടു്.

"പൂനിലാവിങ്കൽ പൂത്തിറങ്ങിയ
പാരിജാതകമാണവൾ

തമ്പുരാനനുകമ്പകാട്ടുന്ന
ചെമ്പനീർസുമമാണവൾ

നീലനീരദത്തിങ്കൽ മിന്നുന്ന
ലോലസൗദാമിനിയവൾ"

എന്നിങ്ങനെ സ്വർഗ്ഗീയനിക്ഷേപം എന്ന കവിത യിൽ കാണുന്ന ഭാഗം ഭാവനാഭാസുരമാണെന്ന് ആരും സമ്മതിക്കാതിരിക്കയില്ല.

"അഴകിലാനന്ദ–
സംഗീതലോലയാ–
യൊഴുകിടും കൊച്ചു
കല്ലോലിനിയുടെ

മണലണിഞ്ഞ
പരപ്പിൽ കുളികഴി–
ഞ്ഞുടനെ ഞാൻ വി–
ശ്രമിക്കുന്ന വേളയിൽ

കദളിവാഴകൾ
ചുററും വളന്നിട്ടും
സദനമോലമേ–
ഞ്ഞൊന്നതിൽനിന്നിതാ

മലരൊളിമധുരാംഗി–
യൊരോമലാൾ
ജലഘടവും വഹിച്ചു
പൊന്നന്തിയിൽ

അലസയായ്ക്കുണു—
ങ്ങിക്കുഴഞ്ഞുൾപ്രഭ—
പുലരുമാറൊഴുകുന്ന
പൂഞ്ചോലപോൽ''

വരുന്ന കാഴ്ച സഹൃദയന്മാക്കു സമാഹ്ലാദപ്രദ മാണ്.

ഇതുപോലെ ഉദ്ധൃതവ്യങ്ങളായ പല ഭാഗങ്ങളും ഈ കവിതാസമാഹാരത്തിലുണ്ട്. വിസ്തരഭയത്താൽ ഞാൻ അതിനു തുനിയുന്നില്ല. മലയാളഭാഷയുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു സ്ഥലത്താണ് ജോലിയെങ്കിലും മാതൃഭാഷയെ സ്നേഹിക്കുകയും അതിൻെറ പരിപോഷണത്തിനു വേണ്ടി പരിശ്രമിക്കുകയും ചെയ്യുന്ന ശ്രീ ജോസഫ് കണ്ണേരിയെ ഞാൻ ഹൃദയംഗമമായി അഭിനന്ദിക്കുകയും അദ്ദേഹത്തിന്റെ പ്രഥമകൃതിയായ ഈ കൈരളീസുമത്തെ പൊതുജനസമക്ഷം അവതരിപ്പിക്കുകയും ചെയ്തുകൊള്ളുന്നു.

പത്തനംതിട്ട
10–7–1966

പുത്തൻകാവു മാത്തൻതരകൻ

# മുഖവുര

മൂന്നുകൊല്ലം മുമ്പ്, സുപ്രസിദ്ധനാടകകൃത്തായ ശ്രീ തോപ്പിൽ ഭാസിയുടെ 'പുതിയ ആകാശവും പുതിയ ഭൂമിയും' എന്ന നാടകം അഭിനയിക്കുന്നതിന് കലാപ്രേമികളായ എന്റെ ചില സ്നേഹിതന്മാർ ഉത്സാഹഭരിതരായി മുന്നോട്ടുവന്ന അവസരത്തിൽ, അതിന്റെ ആവശ്യത്തിന്നായി തക്കതായ ഒരാളിനെ സമീപിച്ച് സന്ദർഭോചിതമായി രണ്ടു മൂന്നു പാട്ടുകളെഴുതിക്കിട്ടുന്നതിന് ഭാരവാഹികൾ എന്നെ നിയോഗിച്ചു. ആക്കാര്യം ഞാൻതന്നെ നിർവ്വഹിക്കാമെന്നറിയിച്ചപ്പോൾ അവർ അല്പം ആശ്ചര്യപ്പെടാതിരുന്നില്ല. എങ്കിലും എന്റെ എളിയ കഴിവിൽ ആക്കാര്യം സാധിച്ചു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. പിന്നീടുള്ള അറിവിൽ, നാടകത്തിൽ സന്നിഹിതരായിരുന്ന ഭൂരിപക്ഷമാളുകൾക്കും സംതൃപ്തികരമായിരുന്നു അതിലെ പാട്ടുകൾ എന്നുള്ള കാരണത്താൽ ഒന്നുരണ്ടു സ്നേഹിതന്മാർ, "പാട്ടും കവിതയുംമററുമെഴുതുന്നതിന് അല്പം വാസന കാണുന്നുണ്ടല്ലോ, തുടന്നെഴുതിയാൽ പ്രയോജനകരമായിരിക്കും" എന്നു പറഞ്ഞെന്നെ പ്രേരിപ്പിച്ചതിന്റെ ഫലമായിട്ടാണ് ഈ കവിതാസമാഹാരം, 'കൈരളീസുമം' ഇപ്രകാരമുടലെടുക്കുവാൻ സാധിച്ചതു്.

കവിത മുഴുവനും വായിച്ച് അങ്ങിങ്ങായി കണ്ടിരുന്ന ന്യൂനതകളെ പരിഹരിച്ച് കവിതാ

ൽ ചെറിയതാണെങ്കിലും സുന്ദരവും സാ
ത്തിൽ സരളമധുരവും ആശയപുഷ്ടിയുമുള്ള
വതംസം എഴുതിത്തന്നു് ഇദംപ്രഥമമായ എന്റെ
ഈ എളിയ ഉദ്യമത്തെ സഹായിച്ചാശീർവ്വദിച്ച
പ്രഗത്ഭനും വിഖ്യാതനുമായ മഹാകവി ജി. ശങ്കര
ക്കുറുപ്പവർകളോട്ട് ഹൃദയംഗമമായ കൃതജ്ഞത
ആദ്യമായി ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ഈ കവിതാസമാഹാരം വായിച്ചു പരിശോധിച്ചു പോരായ്മകളെ നികത്തി കലാജീവിതത്തിൽ വിജയോന്മുഖമായ ഒരു ഭാവി കൈവരുന്നതിനുള്ള ആശംസയോടുകൂടി ഈ 'കൈരളീസുമ'ത്തെ സഹൃദയസമക്ഷമവതരിപ്പിക്കുന്നതിനു് ഒരവതാരിക എഴുതിത്തന്നു സഹായിച്ചനുഗ്രഹിച്ച ബഹുമാന്യനായ പുത്തൻകാവു മാത്തൻതരകൻ അവർകളോടും എൻെറ അകമഴിഞ്ഞ നന്ദി ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ഈ പുസ്തകമെഴുതുന്നതിനു് ആത്മാർത്ഥമായ പ്രോത്സാഹനവും, പ്രചോദനവും ധൈര്യവും ചില കാര്യങ്ങളിൽ പ്രത്യേകിച്ചു് ഉൽബോധനവും ഔചിത്യാനുസരണം തന്നു സഹായിച്ച എൻെറ സ്നേഹിതൻ ശ്രീ കെ. കെ. എൻ. നായരോടും ഈ അവസരത്തിൽ എനിക്കുള്ള കൃതജ്ഞത പ്രത്യേകം പ്രസ്താവ്യമാണു്.

പാവുക്കര
16–7–1966

ജോസഫ് കണ്ണേരിൽ

## കവിതകൾ


ലളിതയും മൃദുലയും

കൊച്ചുമോൻ

മറഞ്ഞ സൗഹൃദം

വലുപ്പച്ചെറുപ്പം

കൊയ്ത്തുകാലം

പെററമ്മ

കൈരളി

വൈദഗ്ധ്യമെന്തിന്

അമ്മണിക്കുട്ടൻ

മോഹനാംഗി

തകന്ന ഭിത്തികൾ

സ്വർഗ്ഗീയനിക്ഷേപം

## ലളിതയും മൃദുലയും

സത്യമില്ലാത്ത ലോകമെ! നിഷ്ഠുര–
കൃത്യമാണു നീ ചെയ്യുന്നതെപ്പൊഴും
സന്മനസ്സോട്ട നന്മ ചെയ്യുമ്പൊഴും
കല്മഷം കലർത്തീടുന്ന ലോകമെ!
നിന്നെയോർത്തു ഞാനെന്തിന്നു ഖിന്നയായ്
കണ്ണുനീരാറൊഴുക്കുന്നു നിഷ്ഫലം
സ്വന്തസോദരി ചെയ്തതോർത്തുൾത്തടം
വെന്തുനീറുന്നു,... പോകെട്ടതൊക്കെയും.

*　　　*　　　*

ജ്യേഷ്ഠസോദരിയാണു 'ലളിത', ക–
നിഷ്ഠയാണു 'മൃദുല'യെന്നാകിലും
ഒററ വല്ലിയിൽ പൂത്തു വിടൎന്ന ര–
ണ്ടുററസോദരീപുഷ്പങ്ങളാണിവർ.
അഞ്ചു സോദരരുണ്ടെങ്കിലുമവർ
പിഞ്ചുപൈതങ്ങൾതന്നെയാണിപ്പൊഴും
കാമ്യഗാത്രി ലളിതയാണെങ്കിലു–
മാ മൃദുലയതിലും മനോഹരീ.

"കൊച്ചനുജനാകും 'സുകുമാരനെ'
പെററതിൻശേഷമെൻപ്രിയമാതാവോ
നഷ്ടമായി ഹാ! ഞങ്ങൾക്കു, ഞാനിതാ
കഷ്ടകാലാന്ധകാരത്തിലന്ധയായ്
കാലതാമസംകൂടാതെ അച്ഛനും
കാലധർമ്മം വരിച്ചു കടന്നുപോയ്
പൊന്നുമാതൃവിയോഗം കഴിഞ്ഞതി-
ലിന്നു പന്ത്രണ്ടുകൊല്ലം തികഞ്ഞിട്ടും
ഉർവ്വിയിലുള്ള ഭാരമിപ്പോളിതാ
സർവ്വവുമെൻ ശിരസ്സിങ്കലെന്നപോൽ
ദുർവ്വിധിയുടെ ഭീകരമായിട്ടും
പർവ്വതാഗ്രത്തിലിന്നിതാ നില്പു ഞാൻ."
ഏഴപേർ പാഠശാലയിൽ പോകുവാൻ
കേഴമാൻമിഴി പെട്ട കഷ്ടങ്ങളും
പട്ടിണിക്കൊട്ടുംകാററിൽ കുഴഞ്ഞതാം
കെട്ടുവള്ളം തനിച്ചു തുഴഞ്ഞതും
പിഞ്ചുകുട്ടികളെ വളർത്തീടുവാൻ
നെഞ്ചുപൊട്ടിക്കരഞ്ഞു കിടന്നതും
കാണുകിൽ, ചിത്തമുള്ള കാലത്തോളം
വീണു കേണിടും നിർണ്ണയം മാനവൻ
അഞ്ചുനാഴികയുണ്ടു പോയ്‌വന്നിടാൻ
മഞ്ജുഗാത്രിക്കു തൻ പാഠശാലയിൽ
എന്നുമീ മോഹനാംഗി നടന്നുപോ-
കുന്നതല്ലാതെയില്ലൊരു മാർഗ്ഗവും

മുഗ്ദ്ധയാകും 'ലളിത'യദ്ധ്യാപക-
വൃത്തിയിൽ നേട്ടമല്പമാം ശമ്പളം
ഒന്നുമാത്രമവലംബമീ ധന-
ഹീനമാകും കുടുംബത്തിനെക്കാലം

കാലമിങ്ങനെ പൊയ്ക്കൊണ്ടിരിക്കയാ-
പ്പാഠശാലയിൽ വന്നൊരദ്ധ്യാപകൻ
രണ്ടു വത്സരമായി ലളിതയിൽ
രണ്ടു കണ്ണും സമർപ്പിച്ചു വാഴുന്നു

വീടു വിട്ടിട്ടു നാളുകളേറെയായ്
കൂടെ ജോലി ചെയ്യുന്നവനാണിവൻ
ആശ വർദ്ധിച്ചമൂലമീക്കാമുകൻ
പേശലാംഗിയോടോതി തന്നിംഗിതം

ചാരുശീല പറഞ്ഞൊഴിഞ്ഞാദ്യമീ-
പ്പൂരുഷനോടു കല്യാണസംഗതി:
"കഷ്ടതയിൽ കഴിഞ്ഞിടും ഞാനങ്ങേ-
യ്ക്കിഷ്ടയാകുകയെത്രയതിക്രമം

സുന്ദരനങ്ങ്, ഭാര്യയായീടുവാൻ
മന്ദഭാഗ്യ ഞാനെന്തിനാശിപ്പു ഹാ!
കാട്ടുവള്ളിയിൽ പൂത്ത മലരിനേ
വേട്ടുകൊള്ളുവാനാശിപ്പതാരഹോ!

എത്രയുണ്ടീക്കുടുംബത്തെ നോക്കുവാ-
നെത്ര ഞാൻ കടപ്പെട്ടവളാണഹോ!
ആകയാലവിവാഹിതയായി ഞാൻ
ജീവിതം കഴിക്കുന്നതാണുത്തമം."

പിന്നെയുമോതി നിർബ്ബന്ധമോടവൻ,
സന്നതാംഗി പിന്നെന്തുചെയ്യുമതിൽ
കോമളനായൊരദ്ധ്യാപകന്നവൾ
പ്രേമഭാജനമാകേണ്ടിവന്നുപോയ്
പാവനം പുതുപൂക്കൾ വിരിഞ്ഞിട്ട-
മാ വസന്തം പുലർന്നില്ല ദീർഘനാൾ
പ്രേമസൗരഭ്യപുഷ്പങ്ങൾ ചൂടിട്ട-
മാ മനോഹരജീവിതവാടിയിൽ
നവ്യദാമ്പത്യമാല്യം കൊരുത്തിടാൻ
ഭവ്യസുന്ദരപ്പൂക്കളില്ലാതെപോയ്
വഞ്ചനയാം കൊടുങ്കാററടിച്ചുടൽ
പുഞ്ചിരിച്ചോരാപ്പൂക്കളിറുന്നുപോയ്

* * *

രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ ഞാൻ
കൊണ്ടൽവേണി 'മൃദുല'യെപ്പററിയും:
ആയതാക്ഷി 'മൃദുല'തൻ ഭാവവും
പ്രായപൂർത്തിയിൽ മാറി സ്വഭാവവും
കാമദേവൻെറ കാര്യസ്ഥയെന്നപോൽ
വാമലോചന യൗവനയുക്തയായ്
കൺമുനയാൽ ശരം തൊടുക്കുന്നതിൽ
പെൺമണി നല്ല വില്ലാളിയാണഹോ!
ആരെയും വേഗമെയ്തുവീഴ്ത്തുന്നതിൽ
പേരെടുത്ത മൃദുലയാണിന്നിവൾ

പേരുമാത്രവരമ്യമാണെങ്കിലും
നേരു ജീവിതത്തിങ്കലില്ലാത്തവൾ

വന്നു പാർത്തിട്ടമദ്ധ്യാപകൻെറ മേൽ
ചെന്നുകൊണ്ടവളെയ്ത നിശിതാസ്ത്രം

പുഞ്ചിരിച്ചും കുഴഞ്ഞും, കുണുങ്ങിയും
കൊഞ്ചിയും, നീണ്ട വാർമിഴിക്കോണിലും

പഞ്ചസാരയിൽ മുക്കിയ വാക്കിലും
ചഞ്ചലാക്ഷി വശീകരിച്ചാളിനേ

മൂത്തസോദരിതൻ ചങ്കിലുഗ്രമായ്
കുത്തിയേല്പിച്ചു കത്തിയില്ലാതവൾ

വഞ്ചനയാം ശരല്ക്കാലചന്ദ്രികാ-
പുഞ്ചിരി വിഷത്തുള്ളിയാണോയിവൾ?

നിർമ്മലയാം 'ലളിത', യീപ്പെണ്ണിനേ-
യമ്മയെപ്പോൽ വളർത്തിയ കൂലിയോ?

ധർമ്മസങ്കടമോതുവാനിക്കഥ
മർമ്മഭേദകമോർക്കിലെല്ലാർക്കുമേ!

സന്മനസ്സോട്ട നന്മചെയ്യുമ്പൊഴും
കല്മഷം കലർത്തീടുന്ന ലോകമെ

നിന്നെയോർത്തു ഞാനെന്തിന്നു ഖിന്നയായ്
കണ്ണുനീരാറൊഴുക്കുന്നു നിഷ്ഫലം

വണ്ടു തേൻ കുടിക്കാനെന്നപോലെ നിഷ്-
കണ്ടകനുപേക്ഷിച്ചു 'ലളിത'യെ

നാട്ടുകാർ നിൻ സ്വഭാവത്തെയോർത്തു നൽ-
പാട്ടുകൾ മുറയ്ക്കിപ്പൊഴും പാടുന്നു.

നാട്ടുകാർക്കൊരു മാതൃകാജീവിതം
കാട്ടിയോരംഗനാരത്നമല്ലയോ

ഇന്നുമങ്ങവിവാഹിതയാണവൾ
ഇന്നുമദ്ധ്യാപികതന്നെയാണവൾ.

—25-3-1965

# കൊച്ചുമോൻ

കുതുകമേകിടും തൂമലർവാടിയിൽ
പുതുവസന്തം തലോടിടും നാളതിൽ

പുതിയ പുഞ്ചിരി തൂകിടും പൂക്കളിൽ
കൊതി വരുന്നതങ്ങെത്ര നൈസർഗ്ഗികം.

അളികൾ മൂളുന്ന രാഗസംഗീതവും
കിളികൾ കൂട്ടുന്ന കോലാഹലങ്ങളും

ഇളയതെന്നൽ പരത്തും സുഗന്ധവും
തളിരുതിർത്തിടും മർമ്മരനാദവും

പുളകപാളിയാം പൂവാട ചാർത്തി,യീ–
ശബളശോഭയാമാരാമലക്ഷ്മിയേ

ദിനകരൻ പശ്ചിമാബ്ധിയിൽ മുങ്ങുവാ–
നിനിയുമുണ്ടങ്ങു നാഴിക രണ്ടിതാ

കനവൊളി ചെങ്കതിർനിര വീശവേ
വസതിയിലേക്കു പോകുന്ന നേരമാം

അകലെയല്ലാത്തൊരുദ്യോഗവൃത്തിയിൽ
സകല ശ്രദ്ധയും ചേർത്തു ഞാൻ വേലകൾ

മികവൊടൊത്തു ചെയ്തിട്ടു നിതാന്തമുൽ–
സുകനതായിട്ടു വീട്ടിൽ മടങ്ങിടും

അരിമറോസാമലർമൊട്ടു മെല്ലവേ
വിരിയുമാറുള്ള പുഞ്ചിരിക്കൊഞ്ചലിൽ

തളിരിനേ വെന്ന ചെമ്പട്ടുചുണ്ടിണ-
യ്ക്കിടയിൽ മിന്നുന്ന കൊച്ചരിപ്പല്ലുകൾ
കുളുർമയേകുന്നു മാതാപിതാക്കളിൽ,
തളിരിൽ വീഴും പുതുവർഷബിന്ദുപോൽ

അനഘമായിട്ടും കുഞ്ഞിൻെറ പുഞ്ചിരി
മനുജർ കാണുന്ന ദൈവചൈതന്യമോ?
മുദമനന്തമായേകിടും നിത്യമാം
ത്രിദശരാജ്യമൊന്നുണ്ടു മനോഹരം

കപടമില്ലാത്ത കുട്ടികൾക്കുള്ളതാ-
ണവിടമെന്നീശനോതിയിട്ടുണ്ടഹോ.
ചെറിയ കണ്ണൻചിരട്ടയിൽ കൊച്ചുമോൻ
നിറയെ മണ്ണുവാരിക്കളിച്ചോടിയും

പെരിയ മുറ്റത്തുരുണ്ടുവീണും, മണൽ-
ത്തരികൾ പൂണ്ടുള്ള പൂമേനി നോക്കിയും
ചെറു ചിറികളിൽനിന്നിററുവീണിടും
നറുമരന്ദത്തെ വെന്ന ബിന്ദുക്കളും

ഇടയിൽ, വീണിട്ടു കേണുകൊണ്ടമ്മതൻ-
മടിയിലേക്കാഞ്ഞു വീഴുന്ന വേളയിൽ
മട്ടമൊഴി പൊൻകിടാവിനെക്കൈകളി-
ലുടനെടുത്തെട്ടുത്തുമ്മവെയ്ക്കുന്നതും

മലർതനുവിൻെറ മാറിടത്തിങ്കലാ-
ക്കല നിറഞ്ഞിടും കുഞ്ഞിനേയിട്ടവൾ.
മൃദുലപാണിയാൽ മെല്ലെത്തലോടിയും
മൃദുമധുരമാം താരാട്ടു പാടിയും

പുലരിയിൽ മന്ദമാരുതനേററ പൂ–
ങ്കുലയൊടാടിട്ടും മല്ലികാവല്ലിപോൽ
മലരണിഞ്ഞിട്ടും മുററത്തു മാനിനീ–
തിലകമങ്ങു നടന്നതും മന്ദമായ്
ചില നിമേഷങ്ങളേകാഗ്രമായി നിർ–
മ്മല വികാരാന്തരംഗനായിട്ടിതാ
സരസമായൊരിക്കാഴ്ച കണ്ടങ്ങു ഞാൻ
പുരയുടെ പടിവാതില്ക്കൽ നിന്നുപോയ്.

—17–7–'63

## മറഞ്ഞ സൗഹൃദം

അഴകിലാനന്ദസംഗീതലോലയാ–
യൊഴുകിടും കൊച്ചുകല്ലോലിനിയുടെ

മണലണിഞ്ഞ പരപ്പിൽ കുളികഴി–
ഞ്ഞുടനെ ഞാൻ വിശ്രമിക്കുന്ന വേളയിൽ;

കദളിവാഴകൾ ചുററും വളന്നിട്ടും
സദനമോലമേഞ്ഞൊന്നതിൽനിന്നിതാ

മലരൊളിമധുരാംഗിയൊരോമലാൾ
ജലഘടവും വഹിച്ചു, പൊന്നന്തിയിൽ

അലസയാസ്സുണുങ്ങിക്കുഴഞ്ഞുൾപ്രഭ
പുലരുമാറൊഴുകുന്ന പൂഞ്ചോലപോൽ

തടിനിവക്കത്തു വന്നിട്ടു മൺകുട–
മുടനെ വെള്ളത്തിൽ മുക്കുമ്പൊഴുള്ളതാം

'കുടുകുടു'നാദമെൻ ശ്രദ്ധയൊട്ടിതാ
ഝടിതിയാകർഷിച്ചങ്ങുപോയൊന്നിതാ.

മധുരമന്ദസ്മിതാസ്യയായ് നിന്നിട്ടും
മധുരവാണിയെറിഞ്ഞ കൺകോണതിൽ

വഴുതിവീഴാതിരിക്കുന്നതെത്രപേർ?
അഴലതുണ്ടാക്കുമെത്രയാണെങ്കിലും.

ഒരു കടക്കണ്ണുമാത്രമല്ലായതിൽ
കരുതിയിട്ടുണ്ടു കാര്യം നിഗൂഢമായ്.

നളിനലോചന ലജ്ജാവിനമ്രയായ്
കിളിതൻ കൊഞ്ചലിലവ്യക്തമായിതാ
പറയുവാൻ തുനിയുന്നു, "പറക"യെ-
ന്നരികിൽ നില്ക്കുന്നവളോടു ചൊന്നു ഞാൻ.

അവൾ തുടൎന്നു, വികാരവിജൃംഭിത-
വിവശയായയണ്ടു കണ്ണീരൊഴുക്കിയും
"ഹൃദയനാഥനെക്കാണുകയൊന്നതാ-
ണുദയമെൻ ഭാഗ്യമീമന്നിടത്തിലേ

തവ സമാഗമമിന്നെനിക്കുള്ളൊരു
നവമഹോത്സവമാസ്സുരുതുന്നു ഞാൻ.
ഒരുദിനം പാഠശാലയിൽ നമ്മളീ
യിരുവരുംചേൎന്നുപോകുന്നളവതിൽ

മഴ കലശലായ്‌വന്നപ്പോൾ, പുഞ്ചിരി-
ച്ചുഴകിലെൻ കുടക്കീഴിൽ നടന്നതും
കവനകൗതുകമേകുന്ന ചന്ദ്രികാ-
ധവളപൂരം പ്രതിഫലിച്ചീടുമീ

അമലമാം മണൽത്തിട്ടയിലെത്രയോ
സമയമങ്ങിരുന്നോതും കഥകളും
സരളമോഹനമായൊരു ചെമ്പനീർ
തിരുകിയെൻ മുടിക്കെട്ടി,ലുടൻ ഭവാൻ

മിഴികൾ പൊത്തിപ്പിടിച്ചു വലച്ചതും
വഴിയിലൂടെക്കരഞ്ഞോടി വീണതും
സ്മരണയിങ്കൽ വരുന്നതെൻതോഴനോ-
ടൊരുവിധം പറഞ്ഞീടുകയാണു ഞാൻ.

വിലയെഴും ബിരുദിന്നു ഭവാൻ കലാ–
നിലയമൊന്നിൽ ഗതനായി, പിന്നെ നാം

വളരെനാളുകൾ കാണാതെപോയതിൽ
പുളകമേകും വസന്തങ്ങളെത്ര പോയ്."

മതിമുഖിയെൻമനം കവന്നീടുവാ–
നിതുവിധം പലതോതിയെന്നോടവൾ

അതിശയമുണ്ടെനിക്കവൾ ചൊന്നതിൽ
അതിനു ഞാനുത്തരവാദിയല്ലഹോ!

അതിനു ഞാനാ വരാംഗിയോടിങ്ങനെ
പ്രതിവചസ്സായുരച്ചുപോയൊന്നിതാ:

"അളികൾ വന്നു മധു കുടിക്കാത്തൊരു
നളിനമാണു നീ,യെൻപ്രിയസോദരീ!

കതിരവനിങ്കൽമാത്രം വിടന്നിട്ടും
സതി, മനോഹരസാരസമാണു നീ!

അനഘസൗരഭ്യരാഗം പകർന്നിട്ടും
കനകതാരാണു നീ,യറിയുന്നു ഞാൻ

വ്യഥ വരുത്തേണ്ട, ബാല്യത്തിൽ നമ്മുടെ
കഥകളെന്തിന്നു വിസ്തരിക്കുന്നു നീ.

ലളിതകൗമാരവേളയിൽ പോലുമീ
'തുളസി'യെൻ സോദരിയായ്ക്കരുതി ഞാൻ

തരളയൗവനം പുല്കിയനാൾമുത–
ലകലെയക്കലാശാലയിലാണു ഞാൻ

അഴലെനിക്കുണ്ടനല്പമായ്, ഓതുവാൻ
കഴിവു പോരാ, സഹോദരി കേൾക്ക നീ

അളികുഴലീ, കരയാസ്സു തെല്ലു,മീ—
എളിയവനോടു നീ പൊറുക്കേണമേ!

... ... ... ... ... ... ... ... ... ... ... ... ... ...

അകമഴിഞ്ഞു ഞാൻ സ്നേഹിച്ചിട്ടന്നൊരു
മുകുളമുഗ്ദ്ധാംഗിയുണ്ടെന്റെ കൂട്ടിനായ്

അമലഹേമന്തചന്ദ്രികയിങ്കലേ—
യമൃതുതുള്ളിയാണെൻ മനോമോഹിനി,

ഹൃദയമാകുമെന്നന്തരീക്ഷത്തിലാ
സുദതി മോഹനവാർമഴവില്ലുതാൻ

അവശനായ് ഞാൻ കിടന്നപ്പൊഴൊക്കെയു—
മവളെനിക്കേകിയാശ്വാസവാക്കുകൾ.

ദയവൃദിച്ചെന്നുപാന്തത്തിലെത്തിയെൻ—
കദനഭാരമകററി മനോഹരി

അരിയപീഡയിലാതുരശാലയിൽ
പരിചരിച്ചെൻ പവിത്രാംഗിയാണവൾ.

വിനയമുള്ളവൾ, ചെയ്തു പലപ്പൊഴും
ധനസഹായമെനിക്കു പഠിപ്പിനായ്

ധനസമൃദ്ധിയില്ലുള്ളവളെങ്കിലു—
മനഘരാഗമാണൊന്നവൾക്കുള്ളതു്

പെരിയ സമ്പൽസമൃദ്ധിയിൽ നാരികൾ
അരുമതോഴരെയോക്കുന്നതെത്രപേർ?

അവികലാനന്ദസംതൃപ്തിയേകിടും
പവിഴമല്ലികത്തേൻകുഴമ്പാണവൾ

ഒരു വെറും കുഴലാണു ഞാനെങ്കിലു–
മതു തരും ഗാനമാധുരിയാണവൾ

... ... ... ... ... ... ... ... ... ... ... ... ...

ഇവിടെ നിൽക്കേണ്ട നാമിനീം, യാമിനീ–
ധവനുദിച്ചു വരുന്നുണ്ടു, നോക്കുക
പ്രണയതാപത്തെയുജ്ജ്വലിപ്പിച്ചിട്ടും
കണകളാണവൻ കൈകളിലുള്ളതു്
ഒരുവിധത്തിലും മാഴ്കാതെ പോക നീ
വരുമൊരു നല്ല ഭാവി കൈവന്നിട്ടും
അരുണനെത്തിപ്പുണന്നിട്ടും, പൂർവ്വദിൿ–
ത്തരുണിയെ,യന്നു ചെന്താർ വിടന്നിട്ടും
കദനഭാരങ്ങളങ്ങൊഴിഞ്ഞിട്ടു നിൻ–
വദനപങ്കജമുൽഫുല്ലമായിട്ടും
സുരഭിയായിട്ടും തൈമണിക്കാറ്റിൽ നിൻ
കുറുനിരകളിളകിക്കളിച്ചിട്ടും
മധുവളക്കും വസന്തമണഞ്ഞിട്ടും
മധുരപുഷ്പങ്ങൾ പുഞ്ചിരിതൂകിട്ടും."
സരളനൈർമ്മല്യമോടിപ്രകാരമാ–
ത്തരളചിത്തയോടോതീട്ടു പോയവൻ.

—27–4–'64

# വലുപ്പച്ചെറുപ്പം

വലുതായഭിമാനഭാവമുള്ളോർ
വിലയില്ലാനാണയംപോലെയല്ലേ!

അറിവുള്ളോർ ചൊല്ലുന്നതെത്ര സാരം
നിറകുടമൊന്നും തുളുമ്പുകില്ല.

മധുവും മണവും മനോഹരമായ്
വിധിതന്നെയല്ലേ തരുന്നതോർക്കും.

അഴകുമഭംഗിയും ചിന്മയന്റെ
കഴിവുള്ള കൈയാൽ രചിച്ചതല്ലേ!

വിധുവും സുധയും കളിച്ചിരുന്ന
മധുരവിലോല പാലാഴിതന്നെ

ഇടമാണു കാളകൂടത്തിനും തു-
മലർമങ്കയാൾക്കുള്ള ജന്മഭൂവും

അധികം സുഭഗതയാന്ന പുഷ്പം
മധുവും സുഗന്ധവുമൊത്തുചേർന്നാൽ

മതിമോഹനമായി കൺകുളിക്കും
സ്ഥിതിതന്നെ, സന്ദേഹമില്ലതിന്നു്

ഇതിലൊന്നു പോരാതെവന്നുപോകു-
ന്നതുതന്നെയല്ലേ! പ്രകൃതിഭാവം.

കഴിവുണ്ടെങ്കിലുമതോട്ടുകൂടി
അഴകില്ലെങ്കിലതു ശൂന്യമാണോ?

അഴകും കഴിവുമങ്ങൊത്തുചേർന്നു
തഴകുന്ന ഭാവം വിരളമാണു്

വഴിയിൽക്കാണുന്നവനാരുമാട്ടേ
അഴകുണ്ടെങ്കിലയാളച്ഛനല്ലോ

അതു ചൊല്ലും തോഴരനേകമുണ്ടീ-
ക്ഷിതിയിലിട്ടങ്ങിയ ചിത്തമുള്ളോർ

ഹരിണവിലോലവിലോചനയാം
തരുണിയെ നീളമില്ലാത്തതിനാൽ

കരുതുന്നു പുച്ഛമായ് തുച്ഛമായി
പൊരുകണ്ണി, കാർനിറമുള്ളൊരുത്തി.

പരമാത്ഥതത്വത്തെ സ്വീകരിക്കാ-
നൊരുവന്നു ചിത്തം വിശാലമായാൽ

അതുതന്നെ നേട്ടമീപ്പാരിടത്തി-
ലതുലാത്മശക്തിയതേകിടുന്നു.

നിലവിട്ടുപൊങ്ങിയഭിനയിക്കു-
ന്നുലകിൽ 'വല്യപ്പച്ചെറുപ്പ'മെല്ലാം

ഒട്ടുവിൽ തുലാസിൽ ശരിക്കു തുക്കാ-
നിടവന്നീടുന്നതൊഴിച്ചുകൂടാ.

—8-5-'63

## കൊയ്ത്തുകാലം

വഞ്ചിനാടിൻ ഭാഗ്യലക്ഷ്മി
പുഞ്ചിരിക്കുംപോലെ
പുഞ്ചതോറും നെൽക്കതിരാം
പൊൻകുലകളാടി

കഷ്ടകരാം നാട്ടുകാർക്കൊ–
രുത്സവമേകുന്ന
വർഷകാലം മാറി, മാനം
മെല്ലവേ തെളിഞ്ഞു.

ബന്ധുരാംഗി പൊൻപുലരി
തെന്നലേററു മന്ദം
സുന്ദരനാം സോമനെയു–
റക്കിയിട്ടു പോയി

പൂനിലാവിൻ നീരു പെയ്തു
തുള്ളികളായ് നില്ക്കും
പൊൻകതിരാം നെൽക്കുലക–
ളർക്കരശ്മി തട്ടി

കോമളത്വമാർന്നിടുന്നു
മന്ദഹാസം തൂകി
ആമയമകററിടുന്നു
ഗ്രാമവാസികൾക്കായ്.

പൈങ്കിളികൾതൻ മുരളി
കണ്ടുനാളമൃതി
തേൻകുളിർക്കളകള—
രവം മുഴക്കീടുന്നു.

ഒട്ടകലെയുള്ളൊരുദ്യാ—
നത്തിലൂടെ മെല്ലെ
മട്ടൊഴുകും ഗാനലോല—
നായിടുന്ന തെന്നൽ

ആഗമിച്ചിടുന്നു പൂമ—
ണംപരത്തി നമ്മെ
സ്വാഗതമരുളിയങ്ങു
ഭാവുകം നേരുന്നു.

പൂമധു നിറഞ്ഞിടുന്ന
മുല്ലവല്ലിയേററം
കോൾമയിൽക്കൊണ്ടാടിടുന്നു
ഭൃംഗരാജനൊത്തു.

നെന്മണികളൊത്തുചേർന്നു
പൊൻകതിരായ് നിന്നു്
സന്മനസ്സോടിന്നു നമ്മെ
വന്ദനം ചെയ്യുന്നു.

മാടിവിളിച്ചീടുന്ന മ—
രണത്തിൻെറ മുമ്പിൽ
വാടിടാതെ നിന്നിടുന്നു
ത്യാഗവയ്യരായി

ത്യാഗമാമതിവിശിഷ്ട—
ജീവിതത്തെയേററം
സ്വാഗതംചെയ്തിട്ടയത്തി
മാനസം വളത്താം

നേട്ടമാണതിൻെറ ഭാവി
ഭാസുരമാണല്ലോ
കോട്ടമെന്യേ നമ്മളൊത്തു
കൂട്ടുകാരായ് പോകാം.

ധൂമകേതുവായിടുന്ന
ജാതിവ്യത്യാസത്തെ
തീയിലിട്ടു ചുട്ടു സ്നേഹ
ദീപശിഖ നീട്ടാം

ഗ്രാമലക്ഷ്മിതൻ വരവിൽ
നൃത്തമാടി മെല്ലെ
കാമിനികൾ നെന്മണിയാൽ
ചാത്തിടുന്നു ഹാരം

താമരകൾ പൂവണിഞ്ഞു
'കൊയ്ത്തുകാല'മായി
പ്രേമഗീതമഞ്ജരിയിൽ
നാട്ടുകാരുമാടി.

—17–3–'62

# പെററമ്മ

ഓമനക്കുഞ്ഞു പിറന്നുകാണാൻ
താമരപ്പൂ വിടരന്നൊന്നു കാണാൻ
വ്യാമോഹനിദ്രയിൽനിന്നുണരാൻ
ആമോദമൊന്നു പുണന്നിട്ടവാൻ

ആ ദമ്പതികൾ കഴിച്ചുകൂട്ടി
ഖേദസമ്പൂണ്ണമാം പത്തുകൊല്ലം.

അമ്മമാർ കുഞ്ഞിനെ മാറിടത്തി—
ലുമ്മനല്കിപ്പുണന്നീട്ടമ്പൊഴം

കൊച്ചുകിടാങ്ങൾ കമഴ്ന്നുവീണു
പിച്ചവെച്ചങ്ങു നടക്കുമ്പൊഴം

ദിവ്യസംഗീതപ്പൊരുളായിട്ട—
മവ്യക്തമാധുര്യവാക്കുകളും

പുഞ്ചിരിക്കൊഞ്ചലാലമ്മമാരെ
കൊഞ്ചിച്ചു കോൾമയിർത്തേരിലേററി

ദാമ്പത്യവൃന്ദാവനത്തിലൂട്ടൾ—
ക്കാമ്പു കുളിർപ്പിച്ചിട്ടമ്പൊഴൊക്കെ

എൻ ചിത്തമാകഷിച്ചെങ്കിലും ഹാ!
നെഞ്ചു തകന്നുപോയെത്രവട്ടം

സന്താനമില്ലാത്തതെല്ലാററിലും
സന്താപമാണെന്നറിഞ്ഞു ഞാനും

ത്തുമലർവല്ലി വളന്നുപോയാ—
ലോമനപൂക്കൾ വിരിഞ്ഞിടേണം.

കൂട്ടസഖിമാർ കിടാങ്ങളെല്ലാ—
ലൂട്ടമ്പൊളെന്നോട്ട കാട്ടന്നതിൽ
ഒട്ടം സഹിക്കാനെനിക്കു വയ്യാ
വാട്ടംവരും ചിലപ്പോൾ മുഖത്തിൽ

സ്വന്തസാമർത്ഥ്യമിതൊക്കെയെന്നു
ചിന്തിച്ചിട്ടന്നോരനേകരുണ്ട്
വീട്ടിലുള്ളോർക്കെത്ര പുച്ഛമെന്നെ
നാട്ടുകാർ ചൊല്ലുന്നതോതിടാനോ?

അമ്മാവിഅമ്മയ്ക്കുമച്ഛനും ഞാൻ
വിമ്മിഷ്ടമെത്ര കൊടുത്തിട്ടന്നു.
മൽപ്രിയനും ചിലനേരമെന്നി—
ലപ്രിയം കാട്ടുന്നതാശ്ചര്യമോ!

എങ്കിലുമെത്രപേർ ചൊല്ലുന്നു ഞാൻ
പങ്കിലയല്ല, മനോജ്ഞയെന്നും
ആററരികത്തേപ്പവിഴമല്ലി
മാററുരപ്പുള്ള സുവർണ്ണവല്ലി

എൻ ഹൃദയത്തെ രമിപ്പിച്ചിട്ടം
മന്മഥനാണെൻെറ കാന്തനെന്നും
ഒന്നും കുറയാതനുഭവിക്കാൻ
വന്നവളാണു ഞാനെന്നുമൊക്കെ

ചൊല്ലുന്നനേകര,പ്പോളെനിക്കു
വല്ലായ്മയേറെയുണ്ടായിട്ടന്നു.
സമ്പൽസമൃദ്ധിയുണ്ടെങ്കിലും ഹാ!
നൊമ്പരമാണെൻെറ ജീവിതത്തിൽ

സ്വത്തു വെച്ചിട്ടങ്ങരിഷ്ടിച്ചിട്ടും
മർത്ത്യരാണേറെയീപ്പാരിടത്തിൽ

കൃത്യങ്ങൾ ചെയ്തു സുഭിക്ഷമായി
നിത്യംകഴിക്കുന്നനേകരുണ്ട്

സന്തോഷസൗഭാഗ്യമോടങ്ങവർ
സന്താനമൊത്തു സുഖിച്ചിടുന്നു

എന്തിനു ഖേദിച്ചിടുന്നു ഞാനീ
വെന്തീയിൽ വീഴുന്നതെന്തിനാണ്?

സന്താപഹാരിയാം ദൈവമെൻറ
വൻ താപമെല്ലാമകററിടും മേൽ

ആശങ്കാതീതമായേകിടുന്നോ-
നീശനാണെന്നുള്ളതെത്ര സത്യം

*　　*　　*

എത്രനാൾ കാത്തിരുന്നാ വസന്ത-
മെത്തിയീത്തുമലർവാടിയിലും

ആലയപൂങ്കാവനത്തിൽ നല്ല
മാല കോർത്തീടാൻ സുമങ്ങളുണ്ട്

പച്ചക്കിളികൾ മരക്കൊമ്പിൽ നി-
ന്നുച്ചത്തിൽ മംഗളം പാടിടുന്നു

പഞ്ചവർണ്ണക്കിളി കൊച്ചുകൊമ്പിൻ
തുഞ്ചത്തിരുന്നു ചാഞ്ചാടിടുന്നു

സുന്ദരത്തെന്നലിൽ പൂവല്ലികൾ
മന്ദമായ് ലാസ്യമാടീടുന്നിതാ

ഉൾപ്പൂവിനാനന്ദമേകിടുന്ന
പുഷ്പസൗരഭ്യം വരുന്നങ്ങിതാ

മുല്ലയും പിച്ചിയും മല്ലികയും
നല്ല മുകുളങ്ങളിട്ടിടുന്നു

എന്നഭികാമ്യമാം വല്ലിയില്ല-
മിട്ടിടുന്നോമനപ്പൂമൊട്ടുകൾ

പിഞ്ചുപൂമൊട്ടിൻെറ പുഞ്ചിരിയിൽ
എൻ ചിത്തമുല്ലസിച്ചീടുന്നിതാ

പൊന്നോമനപ്പൂ വിടൎന്നിടുമ്പോ-
ളന്നേരമല്ലേ മഹാഭാഗ്യ ഞാൻ

ഓമനക്കുഞ്ഞിനെ മാറിമാറി
ത്തുമലർമേനി പുണൎന്നിടും ഞാൻ

ആഭയൊഴുകുന്ന കുഞ്ഞാകയാൽ
ശോഭയെന്നങ്ങു വിളിച്ചിടും ഞാൻ

ത്തുമുഖത്തിങ്കലനേകായിര-
മോമനച്ചുംബനം നൽകിടും ഞാൻ.

... ... ... ... ... ... ... ... ... ... ... ... ... ...

കാത്തിരുന്നിങ്ങനെ വല്ലി പൂത്തു
കാൎത്തികനാളിൽ വിടൎന്നു പുഷ്പം

ഹാ! കഷ്ടമെന്തിനു ചൊല്ലിടുന്നീ
ഭീകരസംഭവം... രോദനീയം!

സന്തോഷവാൎത്തയാം പൊൻകലശം
സന്താപമൂശയിൽ വാൎന്നുപോയി.

വെള്ളിടിയേററൊരു പൂവല്ലിപോൽ
തള്ളയെരിഞ്ഞു തകൎന്നുപോയി

രക്തപ്പുഴയിൽ കുളിച്ചു ജീവ–
രക്തം മുഴവനും വാർന്നുപോയി
അമ്മഞ്ഞി കുഞ്ഞിനു നൽകാതെയും
ഉമ്മവെയ്ക്കാതെയും പെററമ്മ പോയ്.

—4-6-'64

# കൈരളി

മുമ്പു 'കൈരളി'പിറ-
 ന്നതമിഴിൻ ദാസ്യത്തി-
ലൻപിയന്നെടുത്തിട്ട-
 കുഞ്ഞിനെത്തുഞ്ചത്തച്ഛൻ

അമ്മയെപ്പോലാനന്ദ-
 വാത്സല്യനിധിയായി-
ട്ടുമ്മവെച്ചാശ്ലേഷിച്ചു
 കൊഞ്ചിച്ചു പ്രമോദമായ്

പൈങ്കിളിപ്പാട്ടാം മുദ്ദു-
 പാലൂട്ടി വളർത്തിയ
പൈങ്കിളിപോലുള്ളൊരു
 തേൻകുഴമ്പിനെപ്പിന്നെ

തുഞ്ചത്തുപറമ്പിലെ-
 പ്പൂഴിയിൽ സന്തോഷത്താൽ
പിഞ്ചുകൈവിരൽ പിടി-
 പ്പിച്ചുകൊണ്ടാദ്യമായി

അക്ഷരമോരോന്നായി-
 ട്ടെഴുതിപ്പിച്ചു നല്ല
ശിക്ഷണബോധത്തോടു
 വളർത്തിക്കൊണ്ടുവന്നു.

പ്രേമധാമമാം വെറും
പെൺകൊടിയെക്കൊണ്ടച്ഛൻ
നാമസങ്കീർത്തനങ്ങൾ
ഹൃദ്യമായ് ചൊല്ലിപ്പിച്ചു

'കൈരളി'ക്കേകിയാദ്യം
തുഞ്ചത്താചാര്യൻ 'മഹാ–
ഭാരത''മാദ്ധ്യാത്മരാ–
മായണം' രണ്ടാമതു്

"നൂതനസാഹിത്യത്തിൻ
കാതലില്ലാത്ത വെറും
ചൂതവൃക്ഷത്തിൻ തളിർ
തിന്നു മത്തനാം കുയിൽ

കൂവിടും 'കിളിപ്പാട്ടിൽ'
കാണുമോ?—യിപ്പോഴുള്ള
ജീവിതസ്പൃശ്ങ്ങളാം
സംഭവസത്യങ്ങളെ?"

എന്നധിക്ഷേപിക്കുന്ന
സാഹിത്യമല്ലന്മാരോ–
ടൊന്നു ചൊല്ലണമവ–
'രച്ഛനേ മാനിക്കാത്തോർ

ഭാവനാവൈചിത്ര്യത്തി–
ലൗചിത്യം ദീക്ഷിച്ചിട്ടു
കേവലം രചിച്ചെത്ര
കാവ്യതല്ലജങ്ങളേ

ഭക്തിനിർഭരങ്ങളാം
    ഗാനമാധുരിവായ്പിൽ
മുക്തിനിമ്മലോമ്മിനീ
    സ്വർഗ്ഗഗംഗയിൽ മുക്കി

ആത്മചൈതന്യമേകി
    ആശ്‍യം കുളിർപ്പിക്കും
പത്മരാഗമാം കവി-
    രത്നമല്ലയോ തുഞ്ചൻ.

ചിത്രവർണ്ണോജ്ജ്വലമാം
    വാക്കുന്നൽപ്പാവിട്ടിട്ട-
ങ്ങെത്രയോ തുള്ളൽപ്പാട്ട
    നെയ്തോരാക്കവീശ്വരൻ

കൈരളിപ്പെണ്ണിന്നേകി
    കണ്ണഭൂഷണം, നല്ല-
നൂപുരങ്ങളും സ്വർണ്ണ-
    കങ്കണങ്ങളും കുഞ്ചൻ

എന്തൊരു നേട്ടമതു:
    പണ്ഡിതപാമരന്മാർ-
ക്കന്തരമില്ലാതാസ്വാ-
    ദിക്കുവാൻ രചിച്ചതിൽ

പുൽക്കുടിൽമുതൽ കൊട്ടാ-
    രംവരെയുള്ളതെല്ലാം
സൽക്കരിച്ചതോ മനോ-
    ധമ്മചിത്രത്തിൽക്കൂടി

പ്രാസവിദ്യയിൽ കവി
　　കാണിച്ച വാഗ്വൈഭവ-
മാസകലം നോക്കിയാൽ
　　വാസനാധനേശൻതാൻ

ഭാരതഭൂമിയിലെ
　　സംഭവങ്ങളെക്കവി
കേരളത്തിൽക്കൂടഭി-
　　വീക്ഷണംചെയ്തു തന്റെ

മാതൃഭൂമിയോടുള്ള
　　ഭക്തിവാത്സല്യത്തിന്നു
മാതൃകയല്ലോയതും
　　കല്പനാചാതുര്യമാം.

എണ്ണുകി'ല്ലുണ്ണായി'യോ
　　കൈരളിമങ്കത്തയ്യിൻ
കണ്ണുതന്നല്ലോ കലാ-
　　കാരനല്ലയോ കവി

ആദ്യമായ് കഥകളി-
　　നൃത്തവിദ്യയെച്ചേലിൽ
ഹൃദ്യമായ് രംഗത്തെത്തി-
　　ക്കാട്ടിയോനല്ലോ ഗുരു.

കൈരളിപ്പെണ്ണിന്നിപ്പോൾ
　　കാലമായ്, യുവത്വത്തിൻ
നേരിയ രേഖ വീശി
　　ഭാവങ്ങൾ മാറിവന്നു

നവ്യകാന്തി തിങ്ങിട്ട-
ന്നംഗങ്ങൾകൊണ്ടേററവും
നവ്യവസന്തത്തിലേ
വേറൊരു വാസന്തിയായ്

പൂവമ്പൻ നിഴൽകണ്ടി-
ട്ടൊട്ടു മാറിട്ടും, പൂക്കാൻ-
പോവുന്ന പൂവല്ലിപോൽ
തേൻമൊഴി വളന്നുപോയ്

വെണ്മണികളന്നങ്ങു
കണ്ടിതാ കൈരളിയേ
കണ്മണിപോലുള്ളൊരു
കാവ്യകാമിനിയായി

ശൃംഗാരവതിയായി
ഭോഗലോലുപയായി
ഭൃംഗപാളികൾ പാറും
പങ്കജമെന്നപോലെ

വെണ്മണിപ്രസ്ഥാനമാ
ആ 'മണിപ്രവാള'ത്തേ
കണ്മണിക്കേകി സ്വത്തു
കൂട്ടിവെച്ചോരല്ലയോ!

*   *   *

സാഹിത്യനഭോമണ്ഡ-
ലത്തിലങ്ങദ്ധ്യക്ഷനായ്
ഭാവനാപൂർണ്ണേന്ദുവാം
'കേരളകാളിദാസൻ'

കേരളത്തിലെ കവി–
രാജ്യപാലകക്കൊരു
വീരചക്രവത്തിയായ്
വാണിരുന്നതാണല്ലോ

കോമളം വഴിഞ്ഞൊഴു–
കും പനീർപ്പൂവുപോലെ
ഓമനിച്ചതാം പ്രാണ–
നാഥയെ വേർപെട്ടിട്ടു

ചെന്നടിഞ്ഞങ്ങു കഷ്ടം!
കുണ്ടറതന്നിൽ വന്ദ്യ–
പൊന്നുതമ്പുരാൻ വിധി
വൈപരീത്യത്താലന്നാൾ

ഉർവ്വശീശാപം വീണ്ടു–
മുപകാരമായ് വന്നു
പർവ്വചന്ദ്രാസ്യസ്സുള്ള
പ്രേമസന്ദേശമൊന്നിൽ

സന്ദേശഭാഷാകാവ്യ
മാണിക്യമാം 'മയൂര–
സന്ദേശം' ദാനംചെയ്ത
മന്നിലെ ബൃഹസ്പതി–

തന്നെയല്ലയോ കോയി–
ത്തമ്പുരാൻ യഥാർത്ഥത്തിൽ,
പിന്നെയാരെന്നോതിട്ട?–
മിന്നതിന്നെതിരായ്

രാജരാജനാകുന്ന
കേരളപാണിനി നിർ—
വ്യാജസേവനത്തിങ്കൽ
കൈരളിക്കപ്പിച്ചതോ:

വേഷധാരണം മാററി
വാച്യഭംഗിയിൽ 'ഭാഷാ—
ഭൂഷണ'മേകി 'ഭാഷാ—
പാണിനീയ'വും, പിന്നെ

'സാഹിത്യസാഹ്യം', കാളി—
ദാസൻെറ കൃതികളെ
സാഹിത്യമേന്മയിങ്കൽ
തജ്ജീമചെയ്തേകിയും

'വൃത്തമഞ്ജരി'യോട്ട
വേണ്ട സമ്പത്തും നല്ല
മുത്തുകളിണക്കിയ
മാലയപ്പിച്ചുമേ. ആർ.

ഭാഷയെ ശുദ്ധിയാക്കി,
ശേമുഷി പ്രാപിച്ചോരു
യോഷയാക്കിയ മഹാ—
പണ്ഡിതൻ, മഹാകവി

ആണു നമ്മുടെ ഗുരു,
'ആംഗലസാമ്രാജ്യമാം'
വേണുവിൽക്കൂടിപ്പാടി
നേടിയ മഹാരഥൻ

പിന്നെയും വളർത്തിടാൻ
തക്കതാം ഗവേഷണ–
മുന്നയിപ്പിച്ച ഭാഷാ
ശാസ്ത്രതന്ത്രജ്ഞനല്ലോ.

മുമ്പൊരുത്തനും ചെയ്യി–
ടാത്തതു 'കുഞ്ഞുക്കുട്ടൻ–
തമ്പുരാ'നെണ്ണൂററെഴ–
പത്തിനാൽ ദിനംകൊണ്ടു

ഒററലക്ഷത്തിരുപ–
ത്തയ്യായിരം ശ്ലോകങ്ങൾ
മാററുപോകാതെ സൂക്ഷി–
ച്ചാര്യഭാഷയിൽനിന്നും

വാരിധിപോലെ പര–
ന്നത്യഗാധമാം 'മഹാ–
ഭാരതം' വിവർത്തനം
ചെയ്തതത്ഭുതംതന്നെ.

ഓതുകിൽ ഭാഗീരഥ–
യത്നമാണിതു, രാമൻ
സേതുവിട്ടപോൽ ലങ്ക–
ക്കെത്തുവാൻ, സമുദ്രത്തിൽ

മാനവജീവിതത്തോ–
ടേററവും ബന്ധിച്ചൊന്നാം
സ്ഥാനമുള്ളതിൽ 'മഹാ—
ഭാരതം' വൈശിഷ്ട്യംതാൻ.

ശാരദാദേവി നാവിൽ—
വന്നുദിച്ചനുഗ്രഹി—
ച്ചാ രസം തുളുമ്പുന്ന
കാവ്യപീയൂഷമേകി

കേരളീയർക്കു സാഹി—
ത്യത്തിലനശ്വരമ—
പാരസമ്പത്തുമാജ്ജി—
ച്ചേകിയ മഹാകവി

തമ്പുരാൻ കൈരളിക്കു
കാഴ്ചവെച്ചിട്ടുണ്ടുമ—
ററമ്പതോളം സ്വതന്ത്ര—
ങ്ങളും തജ്ജമയായും

ആക്കു മറക്കാൻ കഴി—
ഞ്ഞീടുമീത്തമ്പുരാനെ
ഓക്കുമാരും കൈരളീ—
ഭാഷയുള്ളോളംകാലം.

സംഗീതത്തേന്തൂറിടും
കേരള മഹാകവി—
പുംഗവന്മാരിലൊരാ—
ളല്ലയോ 'കട്ടക്കയം'

'ശ്രീയേശുവിജയ'ത്താൽ
കൈരളിക്കൊരു ഫല—
ഭൂയിഷ്ഠരത്നഭൂവിൻ
സാഫല്യമേകുന്നില്ലേ!

കേരളകാളിദാസൻ
കണ്ണില്ലുണ്ണിയായ്ത്തീന്ന
സാരസമ്പൂണ്ണാശയ-
നായൊരക്കവീശ്വരൻ

പണ്ഡിതൻ, കലാകാരൻ,
കാവ്യനിമ്മാണത്തിങ്കൽ
ദണ്ഡിയേപ്പോലെ പദ-
ലാളിത്യമനോഹരൻ.

'കേശവീയ'മാം മഹാ-
കാവ്യത്താലല്ലോ കെ. സി.-
കേശവപിള്ള കവി
പണ്ഡിതനായ്‌വന്നതു്

ഉൽകൃഷ്ട മഹാകാവ്യ-
ങ്ങൾക്കു മാതൃകയായി
സൽക്കരിച്ചോരു കാവ്യ
രത്നമോ 'കേശവീയം'

ശബ്ദസൗന്ദര്യ്യ,മത്ഥ-
വ്യാപ്തിയുമതോടപ-
ശബ്ദമില്ലായ്മയല-
ങ്കാരങ്ങളാവശ്യത്തിൽ

എന്ന നിഷ്കഷയിങ്കൽ
മാത്രമല്ലയോ കവി-
മന്നവൻ നിമ്മിച്ചതാം
കാവ്യശില്പങ്ങളെല്ലാം

അത്ഥത്തേക്കൊന്നു ദ്വിതീ-
യാക്ഷരപ്രാസത്തിൽ നി-
രത്ഥകശബ്ദങ്ങളെ
വജ്ജിക്കേണമെന്നുള്ള

രാജരാജപ്രസ്ഥാന-
ത്തിന്നു മാതൃകയായ് വി-
രാജിക്കും മഹാകാവ്യം
കേശവീയമല്ലയോ

യുദ്ധവണ്ണനയിങ്കൽ
ഘോരശബ്ദപ്രയോഗ-
ബദ്ധശ്രദ്ധനായേററ-
മൗചിത്യമനുഷ്ഠിച്ചു

നവ്യഭംഗിയിലത്ഥ-
ശുദ്ധി സമ്മേളിപ്പിക്കും
കാവ്യകാരന്മാക്കവ-
തംസമല്ലയോ കെ. സി.

ശബ്ദസുന്ദരിയായ
'കേശവാഷ്ടകം' കൊണ്ടും
ആസന്നമരണചി-
ന്താശതകത്തിനാലും

കൈരളീസവണ്ണാംഗുലീ-
യങ്ങൾക്കു കാവ്യങ്ങളാം
മരതകക്കല്ലുകൾ
മനോജ്ഞമായ് പതിപ്പിച്ചു.

ഉന്നതജാതിക്കാർക്ക
　　പൈതൃകസ്വത്തായിട്ടാ—
ണന്നു സാഹിത്യത്തെ
　　കൈകാര്യംചെയ്തിരുന്നതു്

സുന്ദരകലകളെ
　　സ്വന്തമാസ്വദിക്കുന്ന
ചന്ദനക്കുറിതൊട്ട
　　ബ്രഹ്മവിദ്യക്കാരല്ലോ

ജാതിഭേദമാകുന്ന
　　മാനദണ്ഡത്തിലൊന്നിൽ
നീതിയും നിയമവും
　　വച്ചുപോററിയതന്നു്

പന്തലിച്ചിട്ടും മഹാ—
　　കാവ്യഭൂരുഹങ്ങൾ ത—
ന്നന്തികത്തിലാണാദ്യ—
　　മാ മഹാശയ'നാശാൻ'

വീണപൂവിതളുമായ്
　　ജീവിതമുൾക്കൊള്ളുന്ന
ഗാനകാവ്യങ്ങളേന്തി
　　വന്നു കൈരളിമുമ്പിൽ

ജീവിതം സാഹിത്യത്തോ—
　　ടൊത്തു സമ്മേളിക്കുന്ന
ജീവനസാഹിത്യത്തിൻ
　　കാലഘട്ടത്തേ ആദ്യം

ളുലിക ചലിപ്പിച്ചി–
ട്ടാരംഭിച്ചൊരു പുണ്യ–
ശാലിയാ'ണാശാൻ'
ക്രാന്തദർശിയാം മഹാകവി

ജാതിവിധ്വംസനമാം
പോക്കളത്തിലൊററയ്ക്കു
ഭീതിയെന്നിയെ പട–
വെട്ടിയ മഹാരഥൻ

ജീവിതായോധനത്തിൽ
സാമുദായികമായുൾ–
പ്പൂവിനെ സ്പർശിക്കുന്ന
ചിന്തകളുണർത്തിയും

നേർവഴി കാട്ടിത്തന്ന
ദീപവുമേന്തി മുമ്പേ
പോയതിൽ, ലോകം പരി–
വർത്തനം ചെയ്തു പിന്നെ

കൈരളി മറക്കുന്നി–
ല്ലക്കഥയൊട്ടുമിന്നും,
കൈരളിദാസൻെറ–
യാ മാഹാത്മ്യസേവനത്തേ

ലീലയും, നളിനിയും,
ചെമ്പകപ്പൂവും നല്ല
ലാലസിക്കുന്ന വെള്ള–
ത്താമരപ്പൂവുമല്ലോ

മോഹനാംഗിമാരിരു
പൂക്കളിൽക്കൂടി, കുയിൽ
സ്നേഹശ്രദ്ധിയിൽ
പ്രേമഗാനമാധുരി തൂകി

ആശയക്കുമ്പിൽനിന്നു
ലോകതത്വങ്ങളാകും
പേശലമലർ വിട-
ന്നിട്ടു സൗരഭ്യമേകി

സീതയും, കരുണയും,
ചണ്ഡാലഭിക്ഷുകിയും,
ജാതിവിധ്വംസിനിയാ-
മാ 'ദുരവസ്ഥ'യതും

ഭാവിസ്വാതന്ത്ര്യത്തിൻെറ
സുന്ദരസമത്വത്തിൽ
ഭാവുകാശംസയുടെ
പൊൻപുലരിയായില്ലേ!

അത്യഗാധപണ്ഡിത-
വയ്യനും, മഹാനും സാ-
ഹിത്യമണ്ഡലങ്ങളിൽ
വിശ്രുതനാചായ്യനും

രാജ്യസേവനത്തിങ്കൽ
കൃത്യനിഷ്ഠയുള്ളോനും
പൂജ്യനും, മഹനീയ-
സേവനങ്ങളാലേററം

കീർത്തി നേടിയ കലാ—
    കാരനും, മഹാകവി,
കീർത്തിമുദ്രകൾകൊണ്ട—
    ങ്ങേററവും ബഹുമാന്യൻ

ആംഗലഭാഷാഭിജ്ഞൻ,
    ഗീർവ്വാണഭാഷയിലും
പണ്ഡിതൻ, അശ്രാന്തപ—
    രിശ്രമിയുമാ'ഉള്ളൂർ'

രാജകീയസാഹിത്യ—
    മണ്ഡലത്തിലും, ബ്രിട്ടീഷ്—
രാജകീയപൗരസ്ത്യ—
    മണ്ഡലത്തിലും പിന്നെ

ഗ്രന്ഥകാരന്മാർ, ഗാന—
    നിർമ്മിതാക്കൾ, നാടക—
കൃത്തുകൾ കവികളും
    ചേന്ന സമാജത്തിലും

പൗരസ്ത്യഭാരതസ—
    മിതിയിലും, ബംഗാളിൽ
പൗരസ്ത്യസമാജത്തി—
    ങ്കലുമൊരംഗമായി

സ്വീകരിച്ചുള്ളൂരിനെ
    വേണ്ടപ്പോൾ ബഹുമാനി—
ച്ചാദരിച്ചതും ഭാഷാ—
    സേവനത്തിനാലല്ലോ.

നിത്യവും സക്കാരിൻെറ
പ്രാധാന്യമർഹിക്കുന്ന
കൃത്യങ്ങൾ നിറവേററാൻ
വ്യാപൃതനാണെങ്കിലും

സാഹിത്യാഭ്യുദയത്തിൽ
ചെയ്ത വൻകാര്യങ്ങളാൽ
സാഹിതീദാസൻ നമു-
ക്കേകമാതൃകയല്ലോ.

കൈരളിഭക്തനവ-
താരികകളാൽ യുവ-
സാഹിത്യകാരന്മാരെ
പ്രോത്സാഹിപ്പിക്കുന്നതിൽ

അഗ്രഗണ്യനാ'ണുള്ളൂർ'
ഔദാര്യനിധി, വിശി-
ഷ്ടാശയസമ്പന്നനും,
ചാരുശീലനുമാണു്.

ഉല്ലേഖകല്ലോലിത-
മാ'ണുമാകേരള'മെ-
ന്നല്ലേ വള്ളത്തോളഭി-
പ്രായപ്പെട്ടിട്ടുള്ളതു്

നൈഷധത്തോട്ട സാമ്യ-
മുള്ളതാല്ലുള്ളൂർ ഭാഷാ-
ഹഷനെന്നഭിധാന-
ത്താലറിഞ്ഞിടുന്നുണ്ടു്

കൈരളിക്കേകിയ ക–
ണ്ഠാഭരണമാണുമാ–
കേരളമെന്നുള്ളതു
നിർവിവാദമാണല്ലോ

സ്വന്തനാടിനോടേററം
സ്നേഹവും ഭാഷാഭക്തി
സന്തതം കാണിക്കാൻ പ–
ര്യാപ്തമാം കവിതകൾ

കൊണ്ടു കൈരളിക്കുപ–
ഹാരമപ്പിക്കാൻ വേണ്ട
പണ്ടമേകിയതിങ്കൽ
'ഗാഥാമഞ്ജലി'ശ്രേഷ്ഠം

ഭാവനാസ്രോതസ്വനീ–
ശീതളപ്രവാഹത്തിൽ
പാവനാദശ്ങ്ങളാം
ആഷഭ്രധമ്മങ്ങളേ

നിഗ്ഗളിക്കും വികാര–
ധാര വിചാരമായ് നി–
രഗ്ഗളിക്കുന്ന പ്രതി–
പാദനഭംഗിയിലും

സാരള്യസൗഷ്ഠവം ത–
ലോടിട്ടുംമട്ടിലഭി–
രാമമാണേററം 'കണ്ണ–
ഭൂഷണം' കൈരളിക്കു

പിംഗളയിലും കവി
കാണിച്ചോരനന്യാദൃശ—
ഭംഗി, നാം കാണും മനോ—
ധർമ്മവൈശിഷ്ട്യംതന്നെ.

തള്ളയാം കൈരളിക്കു
സമ്പാദ്യം വർദ്ധിപ്പിച്ച
വള്ളത്തോളല്ലോ കവി—
ശ്രേഷ്ഠരിൽ ശിരോമണി.

ചന്ദനവനത്തിലെ
സായാഹ്നത്തിങ്കലുള്ള
മന്ദമാരുതനേററു
മന്ദസ്മിതം തൂകുന്ന

നന്ദനാരാമത്തിലെ
മന്ദാരങ്ങൾക്കിടയിൽ
സുന്ദരം 'കൽഹാരം' വ—
ണ്ടാറണിക്കുഴലിങ്കൽ

വെച്ചണിഞ്ഞൊരു മഹാ
സുന്ദരി മടിത്തട്ടിൽ
കൊച്ചുഗന്ധർവ്വൻ സ്വന്തം
കാമുകൻ പാട്ടുംപോലെ

ശബ്ദസുന്ദരനല്ലോ
നമ്മുടെ മഹാകവി
ശബ്ദസാഗരത്തിലെ
കപ്പലിൻ കപ്പിത്താനോ?

വള്ളത്തോൾ കവിതാരാ—
മത്തിലെ വാസന്തശ്രീ
ഉള്ളത്തെ കുളിപ്പിക്കും
'സാഹിത്യമഞ്ജരി'യോ?

മാമൂലിൻ ബന്ധത്തിൽനി—
ന്നെത്ര വ്യത്യസ്തമായ
നൂതനമനോധർമ്മ—
ത്തിൻ പ്രകാശത്തിൽ കവി

രാമണീയകകാവ്യ—
ശൈലിയിൽ സ്വാതന്ത്ര്യമാം
രൂമരേഖകളിട്ട—
ങ്ങാവിഷ്ക്കരിച്ച ചിത്രം

ബന്ധുരാംഗിയാം പ്രേമ—
കാവ്യതല്ലജംപോലെ
'ബന്ധനസ്ഥനാമനു—
രുദ്ധനെ' കാണുന്നു നാം

സ്വർണ്ണവർണ്ണമാം മണി—
മണ്ഡപാന്തരത്തിങ്കൽ
വർണ്ണനാതീതയാകും
ശുഭ്രവസ്ത്രാവൃതയെ

പാവനമനോഹര
ദിവ്യതേജസ്സിൽ കണ്ട
ഭാവനാരൂപം കലാ—
മോഹനചിത്രമല്ലോ

സംഗീതം വഴിഞ്ഞൊഴു–
കുന്ന 'കവിത'യിലു–
ത്തുംഗമല്ലയോ 'വിള–
യാട്ടുകാവിലെ' രംഗം

രൂപസൗന്ദര്യമനോ–
ദർപ്പണത്തിങ്കൽ, രസോ–
ദ്ദീപകവസ്തുവിങ്ക–
ലേതിലും 'കവിത'തൻ

മഞ്ജുളരൂപം കാണാൻ
ശേമുഷിയുള്ള കലാ–
ഭാവന വ്യക്തിതചത്താൽ
വിശ്രുതനല്ലോ കവി

ഭാരതമാതാവിൻെറ
പാരതന്ത്ര്യം കണ്ടുള്ളിൽ
സാരമായ് കുത്തേററൊരു
വീരസന്താനംപോലെ

പെട്ടെന്നു വികാരാവേ–
ശത്തിങ്കൽ ഞെട്ടി, താപം
തട്ടുന്ന ഹൃദ്ഭാരത്തിൽ
വേദനപ്പെട്ടുംകൊണ്ടു

ദേശീയഗാനം പാട്ടും
'കൃഷ്ണപ്പരുന്തി'നോട്ടു
ദേശാഭിമാനിയല്ലോ,
ഗാന്ധിജിശിഷ്യനല്ലോ

ആദികാവ്യപീയൂഷ–
    സാരള്യമാധുര്യത്തിൻ
സ്വാദ്ദ കേരളീയര–
    ങ്ങാസ്വാദിച്ചിടാനായി

ആശയക്കൊഴപ്പിന്നു
    വൈകല്യമേൽക്കാതെ മ–
ഹാശയൻ, 'വാല്മീകിരാ–
    മായണം' മനോജ്ഞമായ്

കൈരളിതൃപ്പാദത്തി
    ലപ്പിച്ചോരമൂല്യമാം
സൂര്യകാന്തമാമിതു
    സ്വായത്തോജ്ജ്വലമല്ലോ.

ജീവിതം മുഴവനും
    കൈരളിഭാഷോൽക്കഷ
സേവനത്തിങ്കൽ, കവി–
    സാവ്വഭൗമനായ്ത്തീന്ന

ഭാരതീയനാം വള്ള
    ത്തോളിനു സമ്മാനമായ്
ഭാരതസക്കാർ 'പത്മ–
  ഭൂഷണ' ബിരുദേകി.

ഭക്തിഗായകൻ, വേദ–
    പണ്ഡിതൻ, മഹാകവി
യുക്തിവാദിയും, തത്വ–
    ജ്ഞാനിയുമല്ലോ 'സൈമൺ'

വേദവിജ്ഞാനീയമാം
        ഗ്രന്ഥങ്ങൾ രചിച്ചീശ–
പാദപത്മത്തേ ധ്യാനി–
        ച്ചാശ്രയിച്ചിട്ടു ധന്യൻ

വേദഗ്രന്ഥമാം തങ്ക–
        മൂശയിലുരുക്കിയ
'വേദവിഹാര്'ഹാരം
        തീർത്തു കൈരളിക്കേകി

വാദവേദിയിലെതി–
        രാളിയെ സമർത്ഥിച്ചു
ഭേദിക്കാനപാരമാം
        വൈഭവമുള്ളോനല്ലോ

അർത്ഥവും സ്ഥാനം മാനം
        ഐഹികാഗ്രഹങ്ങളാം
മിഥ്യയെ ത്യജിച്ചിട്ട–
        ഭംഗുരസൗഖ്യത്തിനായ്

ശേഷിയും വിജ്ഞാനവും
        ദേഹവുമെല്ലാം സുവി–
ശേഷഘോഷണത്തിങ്ക–
        ലപ്പിച്ച മഹാരഥൻ

ഭാവിയിലമർത്യത്തിൻ
        ഭാവുകം പ്രത്യാശിച്ചു
ജീവിതം കഴിച്ചോരു
        ദൈവദാസനല്ലയോ.

അന്നത്തെ സമുദായ—
നീതിയിൽ നികൃഷ്ടനായ്
തള്ളപ്പെട്ടവ,നൊരു
മാനവജന്തു, പിന്നെ

നിഷ്കളങ്കസ്നേഹത്തിൻ
മാഹാത്മ്യത്തിങ്കലേററം
പൗഷ്കല്യത്തോടു നിയ—
ന്ത്രിക്കപ്പെട്ടപ്പോളവൻ

കഷ്ടത സഹിച്ചു പ—
രിശ്രമിച്ചുയന്നിട്ടൽ—
കൃഷ്ടനായ് സമാധാന—
ത്തോടു മരിച്ച കഥ

തന്മയതചമായ് 'വാട്ടർ—
ലൂ' മുതൽ 'വിക്തോർയ്യൂഗോ'
കോൾമയിർപ്പിക്കുംമട്ടിൽ
ഫ്രഞ്ചുവിപ്ലവംവരെ

ഉള്ളുനീറിട്ടും വിവി—
ധങ്ങളാം സംഭവങ്ങ—
ളുള്ളതുപോലെ ചിത്രീ—
കരിച്ച പുസ്തകത്തെ

ധിഷണാപടുവാകും
'നാലാപ്പാട'ന്നു പരി—
ഭാഷപ്പെട്ടത്തി നമു—
ക്കേകി 'പാവങ്ങൾ' രണ്ടും

ജാതിഭേദമെന്നിയെ
ലോകത്തിലെല്ലാർക്കുമായ്
വീതിച്ച വിഭവങ്ങ–
ളല്ലയോ 'പാവങ്ങ'ളിൽ

സന്ദർഭോചിതമാകു–
മുല്ലേഖവൈചിത്ര്യത്താൽ
സുന്ദരിയല്ലേ! രസ–
ത്തിങ്കലും 'സുലോചന'

ഉല്ക്കൺഠോന്മുഖമാകും
പരിണാമഗുപ്തിയാൽ
സൽക്കരിച്ചൊരു കാവ്യ–
രത്നമോ 'സുലോചന'

എണ്ണുവാനശക്യമാം
ലോകതതപങ്ങൾകൊണ്ടു
'കണ്ണുനീർത്തുള്ളി' ഒരു
'വീണപൂ'വാണു വേറെ

സന്തപ്തഹൃദയത്തിൽ
പീയൂഷം വർഷിക്കുവാ–
നെന്തൊരു മാഹാത്മ്യമീ–
ക്കാവ്യചന്ദ്രികയിങ്കൽ

ശാന്തസുന്ദരനഗാ–
ധാശയങ്ങളിലേററം
ക്രാന്തദർശിയാം 'നാലാ–
പ്പാടൊ'രു മഹാകവി

നവ്യഭാവനയിങ്കൽ
　　കൈരളിക്കപ്പ്ളിച്ചെത്ര
ഭവ്യദായകങ്ങളാം
　　കാവ്യതല്ലജങ്ങളേ.

*　　*　　*

കേൾക്കുകിൽ 'ചങ്ങമ്പുഴ'
　　തന്നുടെ കവിതക—
ളാക്കുമേകിട്ടമൊരു
　　സാരള്യസൗഖ്യാമൃതം

പാലൊളിച്ചന്ദ്രികയിൽ
　　കാമുകനൊത്തു മലർ—
വാടിയിലിരുന്നിട്ടം
　　കോകിലവാണിയുടെ

സുന്ദരത്തിങ്കൾമുഖ—
　　ത്തിങ്കൽനിന്നുതിന്നിട്ടം
മന്ദഹാസത്തോടാരം—
　　ഭിച്ചിട്ടം സംഗീതത്തിൽ

നിന്നലിയുന്ന മന—
　　താരിൽനിന്നുളവാകും
പൊൻപുളകങ്ങളുടെ
　　മോഹനപ്രതീതിപോൽ.

ആദ്യമാ'യരണ്യക'
　　കാവ്യസമ്പ്രദായത്തിൽ
സംഗീതാത്മകതചമ—
　　കൃത്രിമസൗന്ദര്യത്തിൽ

ആനന്ദക്കുമ്പുകളാ-
മാട്ടിടയരെ പ്രേമ-
ഗാനങ്ങൾ പാടിപ്പിച്ച-
താണല്ലോ 'രമണനിൽ'

കാമിനീകാമുകന്മാർ
യൗവനാരംഭത്തിങ്കൽ
പ്രേമവല്ലിയെ വള-
ർത്തീട്ടുക സാധാരണ

ഈവിധമൊളിച്ചുവെ-
ച്ചോമനിച്ചിട്ടും ചില
ജീവിതാനുഭവങ്ങൾ
ഗാനശൈലിയിൽ കവി

ഭാവനാവീണയിലേ
മോഹനതന്ത്രികൾക്കു
ജീവനേകിയ കണ്ണാ-
നന്ദഗാനമോ?യിതു

'ദേവഗീത'യിങ്കലേ
ശബ്ദമാധുര്യത്തെ പ്ര-
കീർത്തനംചെയ്യാത്തവ-
രാരാണീക്കേരളത്തിൽ?

ഭൂരിപക്ഷത്തിൻ നെട്ടു-
വീർപ്പു കണ്ടിട്ടു കണ്ണു-
നീരു വാർക്കുന്നു, സമ-
സൃഷ്ടിസ്നേഹത്തിൽ ധന്യൻ

വിപ്ലവാശയങ്ങളാ-
മീരടികളിൽക്കൂടി
ഉൾപ്പുളകമേകിയോ-
രുത്സാഹശീലനല്ലോ

കൈരളിക്കൊന്നാംതരം
രത്നമല്ലയോ കവി-
വര്യനേകിയതതു
'ശുദ്ധാത്മപ്രസ്ഥാന'മാം

ജീവിതവാരാശിയിൽ
മുങ്ങിയങ്ങെടുത്താഭ
ചൂവിട്ടും രത്നങ്ങളാം
കാവ്യതല്ലജങ്ങളാൽ

കൈരളീമാതാവിനെ
സന്തുഷ്ടിപ്പെടുത്തിയും
സാരള്യവതിയാക്കി
തീർത്ത വാത്സല്യപുത്രൻ

പ്രേമനൈരാശ്യത്തിൻെറ
അഗ്നികുണ്ഡത്തിൽ പൊങ്ങും
ധൂമത്തിൽ, പരാജയം
പററിയ ജീവിതത്തിൽ

വിങ്ങിട്ടും വികാരങ്ങൾ,
കാമസംതൃപ്തിയിങ്കൽ
തിങ്ങിടുന്നാസക്തിയോ-
ടെത്രയും വെറുപ്പോടും

കുററബോധത്തോട്ടം ഹാ!
ലൗകികേച്ഛകൾകൊണ്ടു
മുററിയ ജീവിതത്തോ–
ടേററവും വെറുപ്പായും

തോന്നിട്ടം വേദാന്തത്തിൻ
ചിന്തകളുളവാക്കും
തത്വസംഹിതയോ? ഈ
'സ്പന്ദിക്കുന്നസ്ഥിമാടം'

'സ്പന്ദിക്കുന്നസ്ഥിമാടം'
കൈരളീഹൃദ്ഭാഗത്തിൽ
സ്പന്ദിക്കുന്നിപ്പൊഴും ഹാ!
ആത്മാർത്ഥസംഗീതത്തിൽ

അക്ഷരമൊന്നിൽ കേൾവി–
കേട്ടൊരു മഹാകവി
ദക്ഷനാം 'ജീ.' ആചാര്യ–
നല്ലയോ നമ്മൾക്കിപ്പോൾ?

ജീവിതംതന്നെയാണു
സാഹിത്യമെന്നുള്ളതിൽ
ജീവിക്കും ജീതൻ മുമ്പിൽ
കൂപ്പുന്നെൻ കൈകളിപ്പോൾ

കേകയേപ്പോലെ കേൾക്കാ–
നിമ്പമുള്ളൊരു വേറെ
കോകിലഗാനമുണ്ടോ?
ദ്രാവിഡശീലുകളിൽ

എന്നതിന്നടിസ്ഥാനം
നമ്മുടെ കവിയുടെ
സുന്ദരകേകാലാപ–
സാരള്യമാധുര്യ്യമോ?

ജീവിതം കവിതയി–
ലെത്ര യോജിക്കുന്നപ–
ജീവനസ്പൃശ്ങ്ങളാം
നവ്യപന്ഥാവില്ലൂടെ

എന്നറിയാനങ്ങെത്ര
കാവ്യസൗധങ്ങൾ തീർത്തോ–
രുന്നതാശയൻ കലാ–
ശില്പകൗശലത്തിന്മേൽ

'കെ. സി.'യു'മാശാനും', പി–
ന്നുള്ളൂരും, വള്ളത്തോളും
കാലചക്രത്തിൻ മറ–
ക്കപ്പുറം മറഞ്ഞുപോയ്

എങ്കിലുമവരുടെ
സാഹിത്യസാരാംശം 'ജി'–
ശങ്കരക്കുറുപ്പില–
ങ്ങൊന്നിച്ചു കാണുന്നു നാം

പദ്യസാഹിത്യത്തിലെ
'പ്രതിരൂപാത്മക',മ–
ങ്ങാദ്യമായ് വളർത്തിയ
കൈരളിഗവേഷകൻ

അത്യകൃത്രിമരമ–
ണീയമാകും സാഹിത്യ–
മുത്തുകളിൽ വൈഡൂര്യ–
മുത്തുകൾ 'ജീ' 'മുത്തുകൾ'

രാജ്യസ്വാതന്ത്ര്യം ജന–
കീയസ്വാതന്ത്ര്യമവി–
ഭാജ്യമായ് കാട്ടിത്തന്നീ
മുത്തുകളിൽ ജീയെത്ര

കേരളാഭിമാനമാം
നാകത്തട്ടിലുജ്ജ്വല–
താരമായ് ശോഭിക്കുന്നു–
ണ്ടാ'യഴിമുഖത്തി'ന്നും

കണ്ടിട്ടുന്നുണ്ടു സമ–
സൃഷ്ടിസ്നേഹത്തിൻ കാതൽ
ഉണ്ടതിൽ സമുദായ–
വിപ്ലവഗാനങ്ങളും

കൗതുകോന്മുഖമാകും
സാഹിത്യകൗതുകത്തിൻ
പുതുമ, പഴേ ദ്രാക്ഷാ–
രസംപോലല്ലേയിന്നും

സ്വർഗ്ഗസുന്ദരഭാവം
ദൂരെ ദർശിച്ചു, നാനാ–
സർഗ്ഗമോഹനമാം പ്ര–
പഞ്ചഭംഗി തേടിയും

ചിന്ത, ഭാവ,മിച്ഛ,യീ–
മൂന്നു വൃത്തികളൊത്തോ–
രന്തരംഗമല്ലയോ
സൗന്ദര്യനികേതനം

സത്യവും സംസ്കാരവും
ധർമ്മവുമിതിൽത്തന്നെ
കൃത്യവും കാണാമിതാ–
ണേതിലുമഭികാമ്യം

ഈശ്വര'വികാസ'മോ
ബ്രഹ്മാണ്ഡംതന്നെയെന്നു
വിശ്വദർശനത്തിങ്കൽ
പാടുകയാണു കവി

അശ്വമേധത്തിൽ ജയി–
ച്ചുയരും ഭൂപാലൻപോൽ
വിശ്വദർശനത്താൽ സാ–
ഹിത്യസമ്മാനം തേടി

'ജീവനസംഗീതമോ'
ആർഷഭാരതത്തിന്റെ
പാവനാദർശങ്ങൾക്കു
സുന്ദരകേദാരവും

ചേതനയിളക്കുന്ന
ജീവിതസത്യങ്ങൾക്കു
കാതലായ് നില്ക്കുന്നന്ത–
ശ്ചൈതന്യച്ഛവിയുമാം

പർവ്വതം സമുദ്രവും
        സർവ്വലോകവുമെല്ലാം
സർവ്വശക്തനിലൊന്നായ്
        ചേർന്നിരിക്കുന്നത്ഭുത–

ഭാവത്തിൻ മാഹാത്മ്യമാം
        അദ്വൈതസിദ്ധാന്തത്തേ
കേവലം ചൂണ്ടിക്കാട്ടി–
        പ്പാട്ടുകയല്ലേ കവി

"നിൻ ചിറകരിഞ്ഞിടാ–
        നുയരും വാളിന്മേലും
നെഞ്ചിലെ നെയ്യാൽ തുരു–
        മ്പകററാൻ നീ ശീലിച്ചു"

മുകളിൽ കാണുന്നൊരീ
        ഈരടികളാലെൻെറ
അകമാകവെ സ്പർശി–
        ച്ചീടുന്നുൾപ്പുളകത്താൽ

മുൾമുടി ധരിപ്പിച്ചും
        കന്നത്തടിച്ചും നീചർ
പൊൻമുഖത്തിങ്കൽ തുപ്പി
        ക്രൂശിച്ച ജനത്തോടെ

"എൻ പിതാവേയിവ–
        രറിയായ്മയിങ്കൽ ചെയ്യും
വൻ പാപമൻപാർന്നിവ–
        രോടു നീ ക്ഷമിക്കണേ!"

എന്നല്ലോ രക്ഷാനാഥൻ
കാൽവറിക്രൂശിൽവെച്ചു
ചൊന്നതു, സൃഷ്ടിക്കെല്ലാ-
മേകഹേതുവായവൻ

ചങ്കിലേ തിരുരക്ത
മൂററിയേകി നമ്മുടെ
പങ്കിലം സാക്ഷാൽ പാപം
കഴുകിത്തന്നതിങ്കൽ

സാഗരത്തേയുമുപ-
മിച്ചിടാൻ വയ്യാത്താത്മ-
ത്യാഗത്തിൻെറ പാരതാ-
ദർശത്തേ കാണാമിന്നും.

സൂര്യകാന്തിയും, പൂജാ-
പുഷ്പവും, പാഥേയവും
മൂന്നരുവിയുമൊരു
പുഴയു,മോടക്കുഴൽ

നേരു ചൊന്നീടുന്നെങ്കിൽ
കൈരളിക്കപ്പ്പിക്കുവാൻ
ചാരുരത്നങ്ങൾതന്നെ,
മാററതിലനല്പമാം

ശാന്തസുന്ദരമനോ-
ഭാവനസ്സുള്ളിൽ കവി
ക്രാന്തദർശി കാണുന്നോ-
രത്ഭുതകലാസൃഷ്ടി

കൈരളീമാതാവിന്ന-
ഞ്ഞെത്രയോ വൈരക്കല്ലും
സാരള്യരത്നങ്ങളു-
മേകിയൗദാര്യശീലൻ.

സുന്ദരമൊഴികള-
ശ്ലിഷ്ടമായൊഴുകും മ-
രന്ദഭാഷ ണിപാദ-
യുഗ്മവിന്യാസത്തിങ്കൽ-

നിന്നു കേൾക്കുന്നു രമ്യ
നൂപുരക്വാണംപോലെ
തോന്നിടും 'വെണ്ണിക്കുള'-
ത്തിൻ കവനങ്ങൾ കേട്ടാൽ

ജന്മസിദ്ധമായുള്ള
വാസനാവൈഭവത്തേ
തന്മയത്വമാം കാവ്യ-
ശൈലിയിൽക്കാണിക്കുന്ന

കേരളമഹാകവി-
വര്യമണ്ഡലത്തിലെ
താരമല്ലയോ? ഗോപാ-
ലക്കുറുപ്പിപ്പോളൊരു

ദ്രാവിഡവൃത്തങ്ങളാം
കേകകാകളികളിൽ
ത്തൂവിടും ഗാനങ്ങളിൻ
മാധുര്യമൊന്നു വേറെ

ചങ്ങമ്പുഴസ്സു ഗോപാ-
ലക്കുറുപ്പൊരു നല്ല
ചങ്ങാതിയായിരുന്നു
കൈരളീവൃത്തങ്ങളിൽ

പ്രാസമേന്മയിൽ മനോ-
ഹാരിണി, കണ്ണാമൃത
മാസ്വാദിച്ചിടാൻതക്ക
സുന്ദരപദങ്ങളെ

ഗാനഭംഗിയിലട്ട
ക്കായിട്ടിണക്കിച്ചേർത്ത
ഗാനധോരണിയല്ലേ
'വാസന്തോത്സവ'ത്തിലെ

ശൃംഗാരമാധുര്യവും,
വാത്സല്യാതിരേകവും
ഭംഗിയിൽ സമ്മേളിച്ചീ
കാവ്യധാമത്തിലേററം

'മാണിക്യവീണാ'യിന്നു
കൈരളിക്കൊരു സാക്ഷാൽ
കാണിക്കതന്നെ,—യെത്ര
മാധുര്യമനോഹരം

മനമോ മഹാത്ഭുതം
എന്നു 'വിശ്വജിത്തി'ലും
മലയാളത്തുമൊഴി
മാണിക്യവീണയിലും

'അന്നത്തേപ്പാട്ടി'ലും നാം
കവിതാകാമിനിയാം
അന്നഗാമിനീ,യതേ!—
ആ രമണിയെക്കാണാം

വാരസുന്ദരീ വാനോർ—
നാരിയുർവ്വശി വന്നു
ഭാരതപുത്രൻ പാത്ഥ—
ൻറട്ടക്കൽ കാമാത്തിയാൽ

കടക്കണ്ണുകൊണ്ടാദ്യം
സ്വാഗതമോതി, പിന്നെ
മിട്ടക്കി വ്യംഗ്യാത്ഥത്തി—
ലിംഗിതം ധരിപ്പിച്ചു

ധീരനാമർജ്ജുനൻെറ
ഉള്ളിലുറങ്ങീടുന്ന
മാരനെയല്പമവ—
ളുണത്തിവിട്ടെങ്കിലും

നിയമവിരുദ്ധമാം
പാപകമ്മത്തിലൊട്ടു—
മയവു വരുത്താതെ
സൂക്ഷിച്ച കിരീടിയെ

അവതരിപ്പിച്ചോരാ,
ക്കാവ്യമമ്മത്തിലല്ലേ—
യവശേഷിക്കുന്നുണ്ടാ
നൈസർഗ്ഗികാസ്വാദ്യത.

കൈരളിക്കേകി 'തുള–
സീദാസരാമായണം'
ഭാരതികവിതകൾ
തർജ്ജമചെയ്ത കവി.

ആദിയിൽ നാദബ്രഹ്മ–
മവ്യയൻ, ബ്രഹ്മാണ്ഡത്തി–
ന്നാദിധാമമാം സാക്ഷാൽ
ജ്യോതിസ്സായിരുന്നില്ലേ!

അണ്ഡമണ്ഡലത്തില്യ–
ള്ളൊന്നുതന്നല്ലേയീ ഭൂ–
മണ്ഡല,മതിൽ വന്ന
വെളിച്ചം നീതന്നല്ലേ!

ആ വെളിച്ചമോ വിശ്വ–
ദീപമായ് സ്നേഹത്തിന്നും
സേവനത്തിന്നുമവ–
താരമായ്, മർത്യർക്കെല്ലാം.

പാപത്തിൽപ്പെട്ടു ദൈവ–
കോപത്തിന്നിരയായി
ശാപഗ്രസ്തരാം നര–
വംശത്തേ ജീവിപ്പിക്കാൻ

ലോകത്തിൽ വന്ന ദൈവ–
പുത്രനും, മർത്യക്കുള്ളോ–
രേകമാമവലംബം–
കൂടെയും നീതന്നല്ലേ!

നിത്യഭാസുരപ്രഭ,
  നിസ്തുല്യ ഭിഷഗ്വരൻ
നിത്യനീതിതന്നേക–
  ലോകബാന്ധവനും നീ

"സത്യവും നീതന്നല്ലേ
  ജീവനും നീതന്നല്ലേ
മർത്ത്യരാശിക്കുള്ളേക–
  മാർഗ്ഗവും നീതന്നല്ലേ!"

അതിനാൽ 'വിശ്വദീപ–'
  മെന്നീ മഹാകാവ്യത്തേ
മതിമാൻ മഹാകവി
  'തരകൻ' പേരിട്ടതിൽ

അർത്ഥവത്തായി നാമം,
  കാവ്യമോ മനോജ്ഞമാ–
ണർത്ഥവുമലങ്കാരം,
  വർണ്ണനകളാലേററം

കാവ്യരൂപത്തിലല–
  ങ്കാരഭംഗിയിലേററം
നവ്യഭാവനയോട്ട–
  മൗചിത്യദീക്ഷയിലും

കാര്യങ്ങൾ യഥാർത്ഥത്തിൽ
  രൂപഭദ്രതയോട്ടും
ആര്യനാ'മേശുക്രിസ്തു'–
  വിൻ ചരിത്രത്തേയിന്നും

വിശ്വസാഹിത്യത്തിങ്കൽ-
ഌപ്പോലുമീവല്ലപ്പത്തിൽ
'വിശ്വദീപ'ത്തേപ്പോലെ
ഗ്രന്ഥമേതുണ്ടു വേറെ

'വാല്മീകിരാമായണം'
ഹൈന്ദവക്കെന്നപോല-
ദ്ധ്യാത്മീകംതന്നെ 'വിശ്വ-
ദീപ'വും ക്രൈസ്തവക്കു

കൈരളീദാസൻ 'മാത്തൻ-
തരകൻ' നമ്രാസ്യനായ്
കൈരളീപാദാബ്ജത്തി-
ലപ്പിച്ച 'വിശ്വദീപം'

നവ്യമാമൊരു മുതൽ-
ക്കുട്ടതന്നല്ലേ!—വീണ്ടും
കാവ്യകാരനെ കടാ-
ക്ഷിക്കണെ സർവ്വേശ്വര!

'പ്രഥമപ്രളയ'ത്തേ
'വള്ളത്തോൾ' പ്രശംസിച്ച
കഥയിപ്പൊഴും നമ്മൾ
വിസ്മരിക്കുന്നില്ലല്ലോ

നമ്മൾക്കാ'യുമർഖയ്യാ-
വി'ൻ കവിതകളെത്ര
സമ്മാനിച്ചിട്ടുണ്ടല്ലോ
കേരളകവിവയ്യർ

ഈവിധം തജ്ജമക-
ളൊട്ടേറെയുണ്ടെങ്കിലും
'ജീവിതമാധുരി'തൻ
മാധുര്യമൊന്നു വേറെ

'കൈരളീലീല' പിന്നെ
'വേദാന്തമുരളി'യും
ഹേരോദാവും 'ശ്രുലേംകു-
മാരി'യും യഥാർത്ഥത്തിൽ

കേരളാരാമത്തിലെ
സൗരഭ്യമനോഹര-
സാരള്യധാമങ്ങളി-
ലുൾപ്പെട്ട പൂക്കളല്ലേ!

*   *   *

നല്ലൊരാശയത്തോട-
ങ്ങിത്രയുമുരച്ചതിൽ
വല്ലതും വൈകല്യമായ്
വന്നുപോയിട്ടുണ്ടെങ്കിൽ

സന്മനസ്സോടെല്ലാരും
പൊറുത്തീടണമെന്നാ-
ണെന്മനോഭാവം, ദേവീ!
കൈരളീ! കടാക്ഷിക്കം.

## വൈദഗ്ദ്ധ്യമെന്തിന്

പൊരിയുമെൻ വിശപ്പിന്നുപശാന്തിയായ്
തരിക നാഴി അരി എൻെറ സോദരാ!

എരിയുമെൻ ഹൃത്തടത്തിങ്കലിപ്പോൾ നെ–
ല്ലരിയുടെ പ്രശ്നമാണെനിക്കുള്ളതു്

കനകമുണ്ടെങ്കിലും ചോറു കിട്ടുവാൻ
വിഷമമല്ലയോ ഭോജനശാലയിൽ.

കതിരുകാണാക്കിളിപോലെ കേരള–
ക്ഷിതിയിൽ വീഴുന്നു പട്ടിണിയാൽ ജനം.*

വളരെ ധാന്യം ലഭിക്കും കൃഷീവല–
രമിതമായ് വില നാൾക്കുനാൾ കൂട്ടുകിൽ

വളരെയാർജ്ജിച്ചിട്ടും പണ,മെങ്കിലും
എളിയവൻകണ്ണുനീരാരു കണ്ടിടും?

കപടമല്ലയോ കച്ചോട,മിക്കരിം–
വിപണിയിങ്കൽ നാം പിന്നെന്തുരക്കണം?

അമിതലാഭത്തെ ലാക്കാക്കിയല്ലയോ
പ്രമുഖവാണിഭർ വാണിഭംചെയ്യുക

ബഹുജനത്തിൻെറ പട്ടിണി കാണുവാൻ
അഹഹ കഷ്ടം! കരൾ നൊന്തിടുന്നഹോ!

---

* 1964 സെപ്ററംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ കേരളത്തിലുണ്ടായ അതിദാരുണമായ പട്ടിണിയേയും അരിപ്രശ്നത്തേയും ലാക്കാക്കി എഴുതിയിട്ടുള്ളതാണു് ഈ കവിത.

പരസഹസ്രം ജനത്തിൻെറ ദാരുണ–
മരണവേദന കണ്ടിട്ടുമിപ്പൊഴും

ദയവുദിക്കാത്ത ഭോഗാത്ഥലോലുപർ
അധികമില്ലയോ നമ്മുടെ നാട്ടിലും

നൃപനറിഞ്ഞിട്ടന്നില്ല ദാരിദ്ര്യമാം
പദമൊരു ശബ്ദകോശത്തിലെങ്കിലും

പഴമയെങ്കിലും വാസ്തവമോക്കിലാ
മൊഴിയിലന്തഭ്ഭവിച്ച സാരസ്യമോ

പല കുടുംബങ്ങൾ ദാരിദ്ര്യസിന്ധുവിൽ
ചിലദിനങ്ങളലഞ്ഞിട്ടലകളിൽ

തലയുയത്താതെ പൊങ്ങിയും താണുമാ–
കുലജലം കുടിച്ചിട്ടുള്ളവസ്ഥയും

ഒരുവനോക്കുകിൽ, ജീവിതം, ചെമ്പനീർ–
മൃദുലമെത്തയോ? ദുഃഖസമ്മിശ്രമോ?

*   *   *

വിരുതരായിട്ടും രാജ്യതന്ത്രജ്ഞരും
പെരുമകേട്ട വ്യവസായവീരരും

കഴിവനല്പമായുള്ള ശാസ്ത്രജ്ഞരും
വഴിതെളിക്കുന്ന സാമൂഹ്യധീരരും

ഒരുവിധത്തിലും ദാരിദ്ര്യരോഗികൾ–
ക്കൊരു മരുന്നു കണ്ടെത്തിയില്ലിത്രനാൾ

ഉലകിലേററം പ്രയാസങ്ങൾ നാൾക്കുനാൾ
പലതരത്തിലും സൃഷ്ടിച്ചിട്ടുന്നതിൽ

അതിവിദഗ്ദ്ധരുണ്ടെ,ന്തിനാ വൈഭവം?
ക്ഷിതിയെരിഞ്ഞിടാനെണ്ണയേകുന്നപോൽ

ഭുവനകീർത്തിയാർജ്ജിച്ചിട്ടുന്നെത്രയോ
പ്രവരശാസ്ത്രജ്ഞരുണ്ടെങ്കിലുമവർ

ഒരു വിശിഷ്ടനേ വാർത്തെടുത്തീടുവാൻ
കരുതിടാത്തൊരീ ലോകം ഭയാനകം

ഭുവനസൗഖ്യപ്രദായകമൊന്നുതാ-
നവരുടെ ലക്ഷ്യമെന്നു ചൊല്ലുന്നവർ

പരമവൈദഗ്ദ്ധ്യശാലികൾ കേരള-
ക്കരയിലുണ്ടവരൈക്യരാഷ്ട്രത്തിലും

പ്രമുഖവ്യക്തികളെങ്കിലും കേരള-
സ്ഥിതിയെ നോക്കാത്ത കെങ്കേമരല്ലയോ

സ്വതവെ മാനവനുള്ള വൈശിഷ്ട്യമാ-
മതിവിശേഷണബുദ്ധിയുണ്ടെങ്കിലും

അതു മനുഷ്യരാശിക്കു നാശത്തിനോ—?
അതു സമാധാനസൗഖ്യമേകുന്നതോ?

ഒരുവനാവശ്യമുള്ളതിൽക്കൂടുതൽ
കരുതി സമ്പത്തു കൂട്ടിവെക്കുംവരെ

ഒരുതരത്തിലും ദാരിദ്ര്യമെന്നതീ-
ധരയിൽനിന്നൊഴിഞ്ഞീടുന്നതെങ്ങനെ?

അവനവന്റയൽക്കാരനെ യെത്രപേർ
കരുതിടും സ്വന്തസോദരനെന്നപോൽ?

തുടരെ സ്വാർത്ഥരായ് സ്വത്തു കൂട്ടീട്ടു വൻ-
കുടലു വീർപ്പിച്ചിടും മർത്ത്യരെന്തിന്?

അപരനേത്തുണയ്ക്കാത്തൊരു ജീവിതം
വിപിനഭാഗത്തു പാക്കും മൃഗങ്ങൾപോൽ

അവികലസ്നേഹസംസ്കാരശില്പമീ
നവയുഗത്തിൽ നാമൊന്നിച്ചു പാർക്കണം

ജനതതിക്കുപയുക്തമായ് നിത്യവും
പലതു കാട്ടണമിക്കലാവേദിയിൽ

കരുണ കാട്ടണം, ജീവിതം ഭാവുക-
ഭരിതമാക്കണം കൃത്യങ്ങൾ ചെയ്തു നാം

പരിസരങ്ങൾ, പ്രവത്തനപൂക്കളിൻ
പരിമളത്താൽ മനോഹരമാക്കണം.

* * *

പലയിടത്തുള്ള പാഠാലയങ്ങളിൽ
ചില കുഴപ്പം, പ്രയാസങ്ങൾ, ഘട്ടനം

മതിമറക്കും പ്രവത്തന,മിങ്ങനെ
പ്രതിദിനമറിഞ്ഞീടുന്നു വാത്തകൾ

ഇതിനു മേലായ് കലാശാലയിങ്കല്യ-
മതിഭയങ്കരസംഭവം മേല്ക്കുമേൽ

സമരചിത്തരുണ്ടാക്കിയതോക്കുകിൽ
അതിനു കാരണം നിങ്ങൾ ചൊല്ലീടണം

കൊടിയ പട്ടിണിക്കാട്ടുതീയിൽ കിട-
ന്നുടല്യ പൊള്ളിക്കരിഞ്ഞു കരഞ്ഞിട്ടും

വലിയ കൂട്ടമുണ്ടിപ്പൊഴു,മൊന്നിവർ-
ക്കലിവു കാട്ടും ധനാഢ്യരുണ്ടെത്രപേർ?

മുയലുപോൽ ശീഘ്രമോടിട്ടും കുട്ടികൾ
വയറുപറ്റിയിട്ടാലിലപോലെയായ്

അടിയതിൻ ചൂടറിഞ്ഞൊരാക്കുട്ടികൾ
പശി കട്ടത്തതാലദ്ധ്യാപകന്റെ ചോർ

വയറു പോറ്റുന്നതിന്നെട്ടത്തുണ്ടതിൽ
കളവു കാണുമോ?—ചെയ്യണമെന്തവർ?

തല കറങ്ങി ശരീരം തളൻറു വീ–
ണടയുമല്ലെങ്കിലക്കൊച്ചുകുട്ടികൾ

ഭയമതിൻെറയാ മേഖലയ്ക്കപ്പുറം
നിയമമെന്താണതെത്ര ശക്തിപ്പെട്ടും?

*　　*　　*

അതിമനോഹരനെൽവയലേലയിൽ
കതിരു കൊയ്യും പുലപ്പെൺകിടാങ്ങൾതൻ

കവനസന്തോഷസംതൃപ്തിയേകിട്ടും
ശ്രവണമാധുര്യഗാനങ്ങൾ കേൾക്കുകിൽ

അതിലുമുണ്ടുപജീവനവാസ്തവ–
സ്ഥിതികൾ, യാതനാരൂപഭാവങ്ങളും

ഭുവനസ്വാതന്ത്ര്യമാം മലർവാടിയിൽ
നവവസന്താഗമം കാത്തിരുന്നിട്ടും

പുതിയ പൂങ്കുയിൽഗാനവും രമ്യമാ–
യതിലലിഞ്ഞങ്ങു ചേൻറിരുന്നെത്രയോ!

കനകനെന്മണിക്കററകൾ കെട്ടുവാൻ
പുലരി ഭാഗ്യം നിറഞ്ഞുദിച്ചീടണം

കതിരു കൊയ്യണം, നീതിസൂര്യന്റെ ചെ–
ങ്കതിരു വീശണം ലോകമൊട്ടുക്കിതാ–

സുലഭമാകണം ധാന്യം, സുഭിക്ഷതാ–
മലരു, തെന്നലിൽ സൗഗന്ധ്യമേകണം

മനുജനന്യോന്യമങ്ങറിഞ്ഞീടണം
അനുദിനം സ്നേഹബന്ധം പുലർത്തണം

നവയുഗത്തിൽ സമസ്താഭിവൃദ്ധിയാ–
ണവികലാനന്ദമേകുന്നതല്ലയോ

പുളകമേകും മനോഹരപ്പൈങ്കിളി
കളകളാരവരമ്യപൂങ്കാവനം

മനുജനാനന്ദഭൗമികസ്വർഗ്ഗമായ്
പരിണമിക്കുന്ന നന്ദനാരാമമേ!

അനതിദൂരെയായ ക്കാണുന്നു നിന്നെ ഞാൻ
അനഘരമ്യയാം വെള്ളിമീനെന്നപോൽ

ഇതു കിനാവിപ്പൊഴാണെങ്കിലും, ദൃഢം
ഇതു വരും, സുപ്രഭാതമടുത്തുപോയ്.

—17–11–'64

## അമ്മണിക്കുട്ടൻ*

മധുരമൂൻ്റു തളിർത്തു വളർന്നിട്ടും
വിധുമുഖി മോഹനാനന്ദവല്ലിയിൽ
സരളരാഗദളങ്ങൾക്കിടയിലായ്
സുഖദതെന്നലേററുൾപ്പുളകത്തൊടേ
മധുവിധുപൂനിലാവിൽക്കുളിത്തിട്ടും
മധുരസ്വപ്നങ്ങളിട്ട പൂമൊട്ടുകൾ
അവയിലൊന്നു വിടർന്നതാ'ണമ്മണി'—
നവകുസുമമൊരോമനക്കുട്ടനായ്.

അരിമകുഞ്ഞിവർക്കീമുളച്ചിട്ടമാ—
പ്പെരിയകല്പദ്രുമത്തിൻ കുരുന്നിതോ?
നറുമരന്ദമോ?—സന്താനസൗഖ്യമാം
ഉദയഭാനുവിൻ കാന്തിപ്രതീതിയോ?
കവിഹൃദയം തുളുമ്പുമാറുള്ളതാ—
മവികലരൂപമാധുരീസത്തിതോ?
അതിർ കവിഞ്ഞ സുഖത്തൊടിക്കുഞ്ഞിനേ
മതിവരാതെ തുടർന്നു ചുംബിക്കുവാൻ
എളിയ മാതാപിതാക്കളിൽ തമ്പുരാ—
നളവുകൂടാതനുഗ്രഹിച്ചീടണേ.

---

* ഭാര്യാസഹോദരീപുത്രൻ്റെ ജന്മദിനാശംസയാണ് ഈ കവിതയിലെ ഉള്ളടക്കം.

അരുമനാഥൻ ദയാവാരിധി കനി—
ഞ്ഞരുളണേ—ഭാഗ്യമിന്നിവക്കിമ്പമായ്.

ഒളിതിരളുന്ന നീ വളൎന്നിട്ടു നിൻ—
കളികൾ കാണുന്നതാണങ്ങു കൗതുകം.

വളരുമീ മുള പിന്നയോ നൽഫലം
വിളയുമാറുള്ള വൃക്ഷമാകേണമേ

സരളമായിട്ടും ബാല്യകാലത്തിലും
തരളയൗവനാവസ്ഥയെത്തുമ്പൊഴും

നിരുപമൻ സൎവ്വശക്തനാമീശനെ
ഉരുഭയത്തൊട്ടും ഭക്തിയോട്ടും സദാ

കരുതിവാഴ്ക്കണം, പ്രാൎത്ഥിക്കണമതാ—
ണരുമനാഥന്നു സൗരഭ്യവാസന

കരുതണേ പ്രീതിവാഴ്ക്കുംവിധത്തിൽ നീ
അരുമമാതാപിതാക്കളേയെപ്പൊഴും

ഗുരുവിനേയുമതേവിധംതന്നെ നീ
കരുതി ഭാസുരമാക്കു നിൻ ഭാവിയെ.

കഴിവുബുദ്ധിയോടൊത്തുചേൎന്നിട്ടു നേർ—
വഴിയിലൂടെക്കടന്നീടണം സദാ

പെരിയസൗഭാഗ്യമോട്ടു ദീർഘായുസ്സും
പെരുമയും പേരുമാരോഗ്യമെന്നിവ

സകലമേകിയനുഗ്രഹിച്ചീടുവാൻ
സകലനാഥൻ തുണക്കുയീകുഞ്ഞിനേ.

## മോഹനാംഗി

ത്തുമരന്ദം വാൻനില്ക്കും—നല്ല
താമരപ്പൂക്കളെങ്ങാക്കും

കോൾമയിരേകുന്നു, പിന്നെ—എൻെറ
പ്രേമപ്രസൂനമെ! നിന്നെ

താമരപ്പൂമുഖത്തിങ്കൽ—ഇന്നു
പ്രേമം തുളുമ്പീട്ടമെങ്കിൽ

ഓമനേ! മുത്തം തരിക—എൻെറ
ധാമമടുത്തു വരിക

ആരാമലക്ഷ്മീവിലാസം—മട്ടു
ചോരുന്നതാം മധുമാസം

ചാരുമുഖേന്ദുവിലാസം—നവ്യ-
താരുണ്യത്തുമന്ദഹാസം

തങ്കമേ! നിൻ മിഴിനീലം—മൊഴി
പൂങ്കോകിലാലാപലോലം

നീരദംപോലഭിരാമം—നീണ്ട
ചാരുവാർകുന്തൽപ്രകാമം

തൊണ്ടിപ്പഴത്തിനെ വെല്ലും—കൊച്ചു
ചുണ്ടുകൾ, മുത്തുപോൽ പല്ലും

ഇന്നലെ പൂങ്കാവനത്തിൽ—കണ്ട
നിന്നെ ഞാൻ കണ്ടു സ്വപ്നത്തിൽ

പൂങ്കിനാവിൽക്കണ്ടതെല്ലാ—മൊരു
പെൺകിടാവിൻെറതാണല്ലോ

പ്രേമമാം പത്മിനിയിങ്കൽ—ഇളം
താമരത്തണ്ടിൻറിടയിൽ

രണ്ടു മരാളങ്ങളിന്നു—രുചി-
പൂണ്ടു നീന്തിക്കളിക്കുന്നു

സുന്ദരീ നിൻ മേനിയിന്നു—വന്നു
മന്ദാനിലൻ തഴുകുന്നു

ബന്ധുരമായ നിൻ ഗാത്രം—ത്രസ-
സിന്ധുവിൽ മുങ്ങുകമാത്രം

ചെമ്പനിർ തുവിയർപ്പെല്ലാം—മവൻ
ചുംബനത്താൽ തുടച്ചില്ലേ!

പൂമണമാസ്വാദിക്കുന്നു—നിൻെറ
കോമളക്കുന്തലിൽനിന്നു

എത്രയോ ഭാഗ്യവാനല്ലേ—അവ-
നിത്തരം ചേഷ്ടകൾക്കെല്ലാം

കാമിനിയോടിപ്രകാരം—യുവ-
കാമുകൻ ചൊല്ലിയനേരം

വല്ലാതെ തല്ലിയതെന്നാൻ—വയ്യ
മല്ലാക്ഷിതൻ കടക്കണ്ണാൽ

ഇമ്പത്തിൽ നിൻകരവല്ലി—പൂത്ത
ചെമ്പനിർ നിൻ മുഖത്തല്ലേ

ഉമ്മവയ്ക്കുന്നതു കണ്ടോ—നിൻെറ
സമ്മതമാവശ്യമുണ്ടോ?

തങ്കത്തനുവാപിയിങ്കൽ—രണ്ടു
പങ്കജമൊട്ടുകളെങ്കിൽ

ഭംഗംവരേണമെന്നില്ല—ഇപ്പോൾ
ഭംഗം വരുത്തുകയില്ല.

"വർത്തമാനം മതി"യെന്നു—വേഗം
നിർത്തുകന്നോമന ചൊന്നു

കൊഞ്ചിച്ചെറുതായ് കുഴഞ്ഞു—മുഗ്ദ്ധ
പുഞ്ചിരിയല്പം ചൊരിഞ്ഞു

വേഗത്തിൽ കണ്ണിണ പൊത്തി—അനു
രാഗത്തിലങ്ങവളെത്തി.

പൂങ്കുയിൽ പാട്ടുമിണയിൽ—മന്ദം
പൈങ്കിളിയും തൻ പിടയിൽ

കൊമ്പൻ പിടിയെ നയിക്കും—അവ-
രിമ്പത്തിൽ കാലം കഴിക്കും

കോകപ്പിടയെത്തിരയും—ചക്ര-
വാകം, ക്ഷപയിൽ കരയും

പൂവല്ലി വണ്ടിനോടൊട്ടും—കാററിൽ
ത്തുവള്ളി ഭൂരുഹത്തോട്ടും

ചാരത്തിരിക്കയെൻ മുഗ്ദ്ധേ!—നിൻെറ
ചാരത്തിരിക്കണം സ്നിഗ്ദ്ധേ!

സ്നേഹത്തിലല്ലയോ നമ്മൾ—വെറും
മോഹത്തിലല്ല നാമിപ്പോൾ

ഏതിനും സ്നേഹമാണല്ലേ!—ഹേതു-
ഭൂതമാകുന്നതങ്ങല്ലേ!

—17-8-'64

# *തകൻ്ന ഭിത്തികൾ

ഊററനാം കരിമ്പന–
      ച്ചില്ലികളിതാ കൊട്ടും–
കാററിനാലുലയുന്നു
      ഘോരമമ്മരം കേൾക്കാം

ദക്ഷിണാപഥത്തിലൂ–
      ടെത്തിട്ടും വൻകാററിനാൽ
വൃക്ഷശാഖകളല–
      ഞ്ഞൊഞ്ഞടിച്ചലറുന്നു

തണ്ടൊടിഞ്ഞിട്ടു മുങ്ങി–
      പ്പൊങ്ങിട്ടും തണ്ടാരിനെ
കണ്ടുകൊണ്ടിണ്ടൽപ്പെട്ടു–
      ന്നുണ്ടിതാ തൻ നായകൻ

നമ്മസല്ലാപങ്ങളും
      പക്ഷികൾ നിത്തിയേതോ
മമ്മഭേദകരവം
      മാറെറാലിക്കൊള്ളുന്നു ഹാ!

---

* മധുരയിൽ തീവണ്ടിപ്പാളത്തിനു സമീപം മൂന്നുനിലയിൽ പണികഴിപ്പിച്ചിട്ടുള്ള ഒരു Girls' High School 1964 മേയ് മാസത്തിലോ ജൂണിലോ ആണെന്നു തോന്നുന്ന മൂന്നുനിലയോടുകൂടി ഒരു ഭൂരിഭാഗം ഇടിഞ്ഞു തകൻ്നുവീണു. അപ്പോഠംത്തന്നെ 36 പെൺകുട്ടികഠം മൃതിയടഞ്ഞു. ഈ അതിദാരുണമായ അത്യാഹിതത്തെ ആസ്പദമാക്കിയെഴുതിയിട്ടുള്ളതാണ് ഈ കവിത.

ഊനമില്ലാതുള്ളതാം
പെൺകിടാങ്ങളെയമ്മ
ധേനുക്കൾ കാണാഞ്ഞപ്പോ-
ളുച്ചത്തിൽ കരയുന്നു

കമ്മസാക്ഷി നേത്രങ്ങൾ
പൊത്തിടുന്നത്യാഹിതം
കാണുവാൻവയ്യാത്തപോൽ,
മൂടുന്നു കാർമണ്ഡലം

പുഷ്പവാടിയിലുമ-
ഞ്ഞെത്തിയീ ഘോരാനിലൻ
നിഷ്പ്രയാസം വള്ളികൾ-
ക്കുള്ളലപ്പിച്ചുപോയി

തൂമലരെല്ലാമേററ-
മുൽഫുല്ലമാകുംമുമ്പേ
ആ മലർവല്ലികളിൽ-
നിന്നു പെട്ടന്നു വീണു.

... ... ...

പെട്ടന്നു ഭിത്തി പൊട്ടി-
പ്പോയതിൽ ഭയത്തോടെ
ഞെട്ടി വിദ്യാത്ഥിനികൾ
വിഹ്വലരായിട്ടേററം

ബാലികമാക്കായിട്ടു
മൂന്നുനിലയിൽ പണി
ചേലൊട്ടു കഴിപ്പിച്ച
പാഠശാലയാണതു്

കണ്ണു ചിമ്മുന്നതിന്നു–
മുമ്പിലായ് വിദ്യാലയം
കണ്ണുനീരൊഴുക്കുന്ന
രംഗമായ്ത്തീൎന്നുപോയി

മൂന്നു നിലയിലുള്ള
ബാലികമാരോടൊത്തു
വീണുപോയൊരു ഭാഗ–
മാ വിദ്യാലയത്തിൻെറ

മർത്ത്യജീവിതം ക്ഷണ–
ഭംഗുരമാകുംവണ്ണം
മൃത്യുവക്ത്രത്തിൽപ്പെട്ടി–
ട്ടെത്രയാത്മാക്കൾ പോയി

മുപ്പതോടൊത്തങ്ങാറും
ത്തുമലർതൈവല്ലിക–
ളപ്പൊഴേ വീണു ചത്ത–
തോക്കുകിൽ കരയും ഞാൻ

പുഞ്ചിരിച്ചീടുന്നതിൻ
മുമ്പിലായിട്ടു വെറും
പിഞ്ചുപൂമൊട്ടുകളോ
ഞെട്ടററു തകൎന്നുപോയ്

ഒട്ടനേകം ബാലിക–
മാരിതാ പരുക്കേററു
കട്ടിലിൽ കിടക്കുന്നു–
ണ്ടാതുരാലയത്തിങ്കൽ

തീവ്രവേദനയോടു
    നാളുകൾ കഴിച്ചിട്ടും
പൎവ്വചന്ദ്രാനനക-
    ളെത്രയുണ്ടവിടിപ്പോൾ

കൎമ്മമാം ഗതിയേതാ-
    ണാരറിയുന്നു?—ജീവ-
മൎമ്മമെന്തൊന്നിലാണു
    നില്ക്കുന്നതെന്നുമെന്നും

അത്യതിശയമായി
    മൃത്യുവക്ത്രത്തിൽനിന്നു
നിത്യനാമീശൻ നമ്മെ
    കാത്തരുളുന്നതോൎക്ക

*                    *                    *

വീണുപോയിട്ടുള്ളതാ-
    ക്കെട്ടിടത്തിൻെറ പണി
കാണുകിലറിഞ്ഞിടും
    വീണതിൻ കാരണങ്ങൾ

വല്ലഭതപത്തേ കാട്ടാ-
    നുള്ളതായുള്ളകരി-
കല്ലിനാൽ നിൎമ്മിച്ചതാം
    നല്ലടിസ്ഥാനത്തിന്മേൽ

വെച്ചതെങ്കിലും പാഠ-
    ശാലതൻ ഭിത്തികളോ
മെച്ചമല്ലാതുള്ളൊററ-
    ച്ചെങ്കല്ലാൽ നിൎമ്മിച്ചതാം

കല്ലുകൊണ്ടുറപ്പിച്ചു
വാത്തടിസ്ഥാനത്തിന്മേൽ
പുല്ലിനുസമം ഭിത്തി
കെട്ടുകിലെന്തുഫലം

ഉണ്ടൊരുകുലുക്കമൊ-
ക്കെട്ടിടത്തിനങ്ങു, തീ-
വണ്ടി പോകുമ്പൊഴെല്ലാം
കാട്ടിടും ബലക്ഷയം

ശക്തിയുള്ളടിസ്ഥാന-
ത്തിങ്കൽ നിമ്മിച്ചീടുന്ന
ഭിത്തിയും മേൽക്കൂരയും
തക്കതാം ശക്തിവേണം

ഇപ്പൊഴും കാണാം നമു-
ക്കെത്ര മോഹനമായി-
ട്ടിപ്പൊഴും വീഴാതുള്ള-
ക്കെട്ടിടത്തിൻെറ ഭാഗം

കാണുകിലഴകുണ്ടു
കെട്ടിടത്തിനെങ്കിലും
വീണുപോകിലോ ഫലം
ശോചനീയമങ്ങാണു്.

ജീവിതത്തിൻെറയടി-
സ്ഥാനമാം പാറ മൂന്നു-
ഭുവിനും ശില്പിയാകു-
മവ്യയനീശനല്ലോ!

സത്യവിശ്വാസത്തിൽ വി–
ശുദ്ധിയോടൊത്തങ്ങു നാം
കൃത്യനിഷ്ഠയിൽ സ്നേഹ–
സോദരബന്ധം കാട്ടി

ഈവിധം നമ്മളങ്ങോ–
രീയടിസ്ഥാനത്തിന്മേൽ
ജീവിതമന്ദിരം പ–
ണിയുകിൽ ജീവൻ നേടാം

മർത്ത്യജീവിതത്തിന്റെ–
യുൽകൃഷ്ടകർമ്മഫലം
നിത്യജീവനാണതു
മോക്ഷദായകമല്ലോ!

—9–7–'64

# സ്വർഗ്ഗീയനിക്ഷേപം

ഭംഗുരങ്ങളാം ഭംഗിയിലാശ-
യങ്കുരിച്ചിട്ടഗാധമായ്

വെമ്പൽകൊള്ളുന്ന കുട്ടരോടനു-
കമ്പകാട്ടുമോയീശ്വരൻ?

ഭാഗധേയമതാണു നിർവ്വാണം
ത്യാഗഹേതുകമാണതു്

അന്യനിലനുകമ്പകാട്ടീടും
ധന്യജീവിതം, ജീവിതം.

*കേണിടുന്ന ജനത്തിനേററവും
ത്രാണനത്തിനായ് 'സ്വീഡനിൽ'

വാണിരുന്ന നൃപൻെറയാ മഹാ-
റാണി ചാരിത്രശാലിനി

പൂനിലാവിങ്കൽ പൂത്തിറങ്ങിയ
പാരിജാതകമാണവൾ

---

* സ്വീഡനിലെ രാജ്ഞി, ആസ്പത്രികൾ, അബലാമന്ദിരങ്ങൾ, അനാഥശാലകൾ മുതലായവ പണികഴിപ്പിക്കുന്നതിനു തൻെറ ആഭരണങ്ങളെല്ലാം വിട്ടുകൊടുത്തു. ഒരിക്കൽ രാജ്ഞി തൻെറ സംഭാവനകളാൽ നടത്തപ്പെടുന്ന ഒരു അനാഥാലയം സന്ദർശിച്ചു. അവിടെ ശയ്യാവലംബിയായിക്കിടന്നിരുന്ന ഒരു പാവപ്പെട്ട സ്ത്രീയുടെ നന്ദിനിറഞ്ഞ കണ്ണുനീർക്കണങ്ങൾ രാജ്ഞിയുടെ കൈകളിൽ വീണപ്പോൾ ''ദൈവം എൻെറ ആഭരണങ്ങൾ മടക്കിത്തരുന്നു'' എന്നത്രേ ആ രാജ്ഞി പറഞ്ഞതു്. വിധവയുടെ രണ്ടു കാശും വിലമതിക്കപ്പെട്ടതായി നാം കാണുന്നു. ഇതിനെ ആസ്പദമാക്കിയാണു് ഈ കവിത.

തമ്പുരാനനുകമ്പ കാട്ടുന്ന
ചെമ്പനീർസുമമാണവൾ
നീലനീരദത്തിങ്കൽ മിന്നുന്ന
ലോലസൗദാമിനിയവൾ
സൽസ്വഭാവമരന്ദമൂറിട്ടും
പൂത്തമല്ലികയാണവൾ
അന്നു പൊൻവിളക്കായിരുന്നവ-
ളിന്നരുന്ധതിയാണവൾ
വാർമ്മഴവില്ലും പോയൊളിക്കുമാ
നിർമ്മലാംഗിയേ കാണുകിൽ
രോഗികൾക്കു ശുശ്രൂഷചെയ്തിട്ടും
ത്യാഗസമ്പന്നയാണവൾ
ആതുരാലയം, ബാലികാമഠം,
നാരികൾക്കുള്ള വീടുകൾ
സാധുസംരക്ഷണത്തിനായുള്ള-
നാഥശാലകളെന്നിവ
ആശപോലെ നിർമ്മിച്ചിടാനായി-
പ്പേശലാംഗി ഔദാര്യമായ്
ഏററവും വിലപ്പെട്ടതാം തൻെറ
മാററുരപ്പുള്ള മാലകൾ
മേൽത്തരങ്ങളാം മുത്തുകൾകൊണ്ടു
തീർത്ത 'രമ്യവളകളും
അഞ്ജുവത്തിലമൂല്യമായ് പല
വജ്ജ്രരത്നങ്ങളുള്ളതിൽ

വർണ്ണനാതീതമായതിൽ തീർത്ത
കർണ്ണഭൂഷണമൊക്കെയും

രത്നമോതിരങ്ങളുമീ നാരീ-
രത്നമേകിയതോർക്കുകിൽ

നാക്കുകൊണ്ടു പറഞ്ഞുതീർക്കുവാൻ
വാക്കുപോരാതിരിക്കുമേ!

മാനിനീമണി രാജ്ഞി തൻെറയ-
ന്യൂനസംഭാവനകളാൽ

മെച്ചമായ് സംരക്ഷിച്ചിട്ടന്നൊര-
നാഥശാലയിലേകദാ

രാജ്ഞി സന്ദർശിച്ചപ്പോൾ കണ്ടൊരു
സൗമ്യശീലയാം നാരിയെ

ഒട്ടുനാൾ ഭാരപ്പെട്ടിട്ടും പാവ-
പ്പെട്ട ശയ്യാവലംബിനി

നന്ദിവാന്നൊഴുകും മൊഴിയുകും
ധന്യയാൾതൻമിഴികളിൽ-

നിന്നു മുക്താഫലംകണക്കുള്ള
കണ്ണുനീരിൻെറ തുള്ളികൾ

വീണു രാജ്ഞിതൻ കൈകളില,പ്പോൾ
റാണി ചൊന്നുപോയീവിധം:

"ഏകിട്ടന്നു മടക്കിയീശനെ-
ന്നാഭരണങ്ങളിന്നിതാ"

ശ്രീവിലാസം മുഖത്തു തുകിട്ട–
മാവിവേകിനിയായവൾ

താമരപ്പൂ വിടന്നപോൽ സ്നേഹ–
ധാമമാണാ മനോഹരി.

ആളുകൾ വഴിപാടിടുന്നതു
പാർത്തിരുന്നീശനന്ദനൻ

തണ്ടിലേറിനടന്നിടുന്ന പേർ–
കൊണ്ടിടും നൽ ധനാഢ്യരും

കെട്ടിവച്ച പണത്തിൽനിന്നവ–
രിട്ടു ഭണ്ഡാരമൊന്നതിൽ

ഇട്ടതേറെയാണെങ്കിലുമവ–
രിട്ടതേററം കുറഞ്ഞുപോയ്

തെണ്ടി ജീവിതം തള്ളിവിട്ടതാം
രണ്ടു കാശിട്ട തന്പിയോ

പട്ടിണിയിങ്കലാ വിധവ താ–
നിട്ടു കൈവശമുള്ളതു്

ഉള്ളിലുള്ള വിശുദ്ധിപോലവൾ–
ക്കുള്ളതെല്ലാം കൊട്ടുത്തതിൽ

ഇക്ഷിതിയിൽവെച്ചിട്ട സ്വർഗ്ഗത്തിൽ
നിക്ഷേപിച്ചാൽ മഹാധനം.

*അന്ത്യയാത്രയിൽ നാം ധരിച്ചിടും
ചന്തമായുള്ളുടുപ്പതിൽ

---

* അവസാനം ഇടുവിക്കുന്ന ഉടുപ്പിനു പോക്കററില്ല എന്നൊരു ഇററാലിയൻപഴഞ്ചൊല്ലുണ്ടു്.

വല്ലതും കൊണ്ടുപോയിടാനായി–
ട്ടില്ല 'പോക്കററ്'റിയണം

ഭാഗധേയമതാണു നിർവ്വാണം
ത്യാഗഹേതുകമാണതു്

വാണിടുമിവർ സ്വർഗ്ഗരാജ്യത്തിൽ,
കേണിടുന്നു നാമെന്തിനു്?

വാനരാജ്യത്തിൽ പോകണമെങ്കിൽ
ദാനശീലമുണ്ടാകണം.

★

P. C. Ericadu
Puthuppally P. O.
Kottayam

2.12 ൧൫൧.൦൦

# കൈരളീസുമം

## ജോസഫ് കണ്ണേരിൽ

സഹൃദയനായ ജോസഫ് കണ്ണേരിലിൻെറ ക
വ്യരചനാകൗതുകം ശ്രദ്ധേയമാണു്. മധുരങ്ങ
സൂരഭിലങ്ങളുമായ നിരവധി ആശയങ്ങൾ ഇ
സമാഹാരത്തിലെ ഖണ്ഡകവിതകളിൽ അടക
ചെയ്തിട്ടുണ്ടു്.

''പൂനിലാവിങ്കൽ പൂത്തിറങ്ങിയ
പാരിജാതകമാണവൾ
തമ്പുരാനനുകമ്പകാട്ടുന്ന
ചെമ്പനീർസുമമാണവൾ
നീരദത്തിങ്കൽ മിന്നുന്ന
ലോലസൗദാമിനിയവൾ.''

എന്നിങ്ങനെയുള്ള നിരവധി ഭാവനാഭാസുര
ളായ വരികൾ ഇതിലുണ്ടു്. ലളിതയും മുദ്ദല
വലുപ്പച്ചെറുപ്പം, പെററമ്മ, കൊച്ചുമോൻ,
രളി, മറഞ്ഞ സൗഹൃദം, അമ്മണിക്കുട്ടൻ,
ഹനാംഗി, സ്വർഗ്ഗീയനിക്ഷേപം തുടങ്ങി പ
ണ്ടു കവിതകളാണു് ഈ സമാഹാരത്തിലുള്ള
മഹാകവി ജീ.യുടെ അവതംസവും, പ്രൊ
പുത്തൻകാവു മാത്തൻതരകൻെറ അവതാരിക
ഈ കൃതിയുടെ മാററു വർദ്ധിപ്പിക്കാനുതകുന്ന
യാണു്.

നാഷനൽ ബുക്ക്സ്റ്റാൾ, കോട്ടയം
തിരുവനന്തപുരം എറണാകുളം തൃശ്ശൂർ പാലക്കാട്ടു് കള